PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

FIRST SESSION—1950

Saturday, *the 15th April, 1950*

VOL: I] OFFICIAL REPORT [NO. 28

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Saturday, the 15th April 1950, with Mr. Speaker in the Chair.

LEGISLATIVE BUSINESS

The Hindu Religious Institutions Bill—*(cont.)*

സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ് : സർ, മി. ശിവരാമപിള്ള അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ സംബന്ധിച്ച് രണ്ടുവാക്കു പറയണമെന്നു ഞാനും ആഗ്രഹിക്കുന്നു.

തിരുവിതാംകൂറിലെ ദേവസ്വം ഭരണം നടത്തിവന്നിരുന്നതു് ശ്രീപത്മനാഭദാസന്മാരായിരുന്നു. ജനകീയം വന്നപ്പോൾ അങ്ങനെ ചെയ്യുവാൻ സാദ്ധ്യമല്ലെന്നുവന്നു. അതിനു ശേഷം ശ്രീ. പത്മനാഭൻതന്നെ നേരിട്ടു ഭരണം നടത്തുന്ന ഒരു പരിതഃസ്ഥിതിയാണു് ഉണ്ടായതു്. എന്നാൽ ഇന്നത്തെ ഗവണ്മെണ്ടു് അതിനും വിഘാതം വരുത്തുന്ന രേർപ്പാടാണു് ഈ ബില്ലിലെ ചില നിയമങ്ങൾമൂലം വരുത്തിയിരിക്കുന്നതു്. എനിക്കു അതിലും വിരോധമില്ലായിരുന്നു. പക്ഷെ രാഷ്ട്രീയകാര്യവും മതകാര്യങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്ന ഒരു സമ്പ്രദായം ആശാസ്യമല്ല. ഇങ്ങനെ രാഷ്ട്രീയകാര്യവും മതകാര്യവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു് ആക്ഷേപകരമാണെന്നു ഇവിടെ പലരും അഭിപ്രായപ്പെട്ടു. ഗവണ്മെണ്ടു് മാറുന്നിനുപോലും ആ തത്വം അംഗീകരിക്കുകയും ചെയ്തു. പക്ഷെ, രാഷ്ട്രീയപാർട്ടികൾ മതപരമായ കാര്യങ്ങളിൽ ഇടപെടാതിരിക്കാൻവേണ്ടി മതപരമായ സംഘങ്ങളിലോ സ്ഥാപനങ്ങളിലോ മാത്രം രാഷ്ട്രീയകക്ഷികൾ പ്രവേശിക്കാൻ പാടില്ലാ എന്നു വച്ചാൽ പോരാ. രാഷ്ട്രീയപാർട്ടിയിൽതന്നെ മതകാര്യങ്ങളിൽ കയ്യിടാൻ പാടില്ലെന്നുള്ള നിയമം ഉണ്ടായിരിക്കണം. അങ്ങിനെ ചെയ്യാതെ രാഷ്ട്രീയകാര്യവും മതകാര്യവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതെന്നു പറയുന്നതു് അർത്ഥശൂന്യംതന്നെയാണു്. കാൺഗ്രസ്സുകാർ മദ്യം ഉപയോഗിക്കരുതു എന്നു നിയമമുണ്ടു്. അതു, മദ്യഷാപ്പുകളിൽമാത്രം കാൺഗ്രസ്സുകാക്കു് മദ്യം കൊടുക്കുകയില്ല എന്നു എഴുതിവച്ചിരിക്കുന്നതുപോലെ ഉള്ള പ്രസക്തി മാത്രമെ യഥാർത്ഥത്തിൽ ദേവസ്വം ബോർഡിൽ രാഷ്ട്രീയകക്ഷിക്കാർ പ്രവേശിക്കരുതെന്നു പറയുന്നതിനുള്ളു. ബോർഡിൽ അംഗമാകുന്നവർ രാഷ്ട്രീയ കാര്യങ്ങളും മതകാര്യങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കരുതു എന്നു പറയുന്നതും മദ്യഷാപ്പുകളിൽ മദ്യം ഉപയോഗിക്കരുതു എന്നു എഴുതി വയ്ക്കുന്നതും എതാണ്ടു് ഒരുപോലെതന്നെയാണു്

സർ, രാഷ്ട്രവും മതവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നു എന്നു മാത്രമുള്ളതല്ല എന്റെ ആക്ഷേപം. മതപരമായ കാര്യങ്ങളിൽ മാത്രമായിരുന്ന ഈ വകുപ്പിന്റെ വ്യാപ്തിയെങ്കിൽ, അതായതു് ഹൈന്ദവരെമാത്രം സംബന്ധിക്കുന്ന ഒരു കാര്യമെ ഇതാകുന്നുള്ളു എങ്കിൽ ഞാൻ ഇതു വിട്ടുകളയാമായിരുന്നു. എന്നാൽ ഇതിലെ ന്യായം ഉപവകുപ്പു ഈ നിയമസഭയിലെയും ഇൻഡ്യൻ പാർലിമെൻറിലേയും എല്ലാ മെമ്പറന്മാരുടെയും അഭിമാനത്തെ സംബന്ധിക്കുന്ന കാര്യമാണു്. പാർലമെൻറംഗങ്ങളേയും നിയമസഭയിലെ അംഗങ്ങളെയും എതാണ്ടു് കുഷ്ഠരോഗികളെയും ഭ്രാന്തന്മാരെയും പോലെയാണു് ഇപ്പോൾ ജനങ്ങൾ പരിഗണിച്ചുവരുന്നതു്. അതു നമ്മൾ കൂടി സമ്മതിക്കണമെന്നുണ്ടോ? ഇങ്ങനെ നിയമസഭാസാമാജികത്വം കൂടി ഒരവശത അയിട്ടു വയ്ക്കുന്നതു ഒരിക്കലും നീതികരിക്കാവുന്നതല്ല. കുഷ്ഠരോഗികൾക്കും ഭ്രാന്തന്മാർക്കും തുല്യമായി നിയമസഭാംഗത്വത്തെ കണക്കാക്കുന്നതു ശരിയല്ല. അതുപോലെതന്നെ ഈ നിയമംകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്ന കാര്യവും നിയമസഭാമെമ്പറന്മാരെ നിരോ

LIBRARY ARCHIVES Kerala Legislative Assembly

[Sahib Bahadur T. A. Moideenkunju]

ധിക്കുന്നതുകൊണ്ട് സാധിക്കുകയില്ല. ഇപ്പോൾ എഴുതിവച്ചിരിക്കുന്ന നിലയിൽതന്നെ ഈ നിയമം പാസ്സാക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന ഗവൺമെണ്ടാലോചിക്കണം. ഈ നിലയിൽതന്നെ ഇതു പാസ്സാക്കുകയാണെങ്കിൽ സംഭവിക്കാനിടയുള്ളതു്, സമുദായത്തിൽ പ്രാബല്യമുള്ള വ്യക്തികൾക്കോ അല്ലെങ്കിൽ രാഷ്ട്രത്തിൽ പ്രാബല്യമുള്ള വ്യക്തികൾക്കോ ബോർഡിലെ അംഗങ്ങളാകാൻ ഇടയില്ല എന്നുള്ളതായിരിക്കും. സമുദായത്തിലോ രാഷ്ട്രത്തിലോ നിലയും വിലയും ഇല്ലാത്ത രണ്ടോ നാലോ ഹസ്തങ്ങളിലായിരിക്കും ഇത്ര വമ്പിച്ച ദേവസ്വങ്ങളുടെ ഭരണകാര്യവും ഒ ഫ ലക്ഷം രൂപയും ഏർപ്പെടുത്തിക്കൊടുക്കുന്നതു എന്നാണ് വരുന്നതു്. ജനങ്ങളുടെ വിശ്വാസമില്ലാത്തവരും സമുദായത്തിൽ യാതൊരു പ്രാമാണ്യവുമില്ലാത്തവരുമായ ആളുകളായിരിക്കും ബോർഡിലെ അംഗങ്ങളായി വരുന്നതു്. ഇതു തീച്ചയായും യാതൊരു സമുദായത്തിനും രാജ്യത്തിനും അഭിമാനകരമല്ല. പിന്നെ കുറെ പുതിയ കുറിപ്പുകളെ, നിയമസഭയിലെ അംഗങ്ങളും മന്ത്രിമാരും കൂടി തെരഞ്ഞെടുക്കുന്ന വരും. മന്ത്രിമാർ പറയുന്നതുപോലെതന്നെ കേട്ടു നടക്കുന്ന ഏതാനും മെമ്പന്മാരെ സൃഷ്ടിച്ചു് ഈ ഒ ഫ ലക്ഷം രൂപയും പഠിയിരിക്കുന്ന എന്ന എഴുതി ഒപ്പിട്ടു വാങ്ങിക്കുന്നതിനുള്ള ഒരു തന്ത്രം അല്ലയോ എന്നു ഞാൻ സംശയിക്കുന്നു. അങ്ങനെ ഇന്നത്തെ മന്ത്രിസഭ ചെയ്യുമെന്നുള്ളതിനു ധാരാളം തെളിവുകളുണ്ടു്. ലക്ഷക്കണക്കിനു് രൂപാ കടബാദ്ധ്യതയുള്ള ഒരു ലക്ഷക്കണക്കിനുള്ള രൂപയ്ക്കു കള്ളച്ചെക്കു് എഴുതി കൊടുത്തു വിശ്വാസവഞ്ചനകേസ്സിൽ പ്രതിയായിട്ടുള്ളവരുമായ ആളുകൾ പോലും ഇപ്പോൾ മന്ത്രിസഭക്കകത്തുണ്ടു്. ആ നിലക്കു ഞാൻ മുമ്പുപറഞ്ഞ നിലയിൽ സംശയിക്കുന്നതിനും എനിക്കവകാശമുണ്ടു്.

ശ്രീ. മന്നത്തു പത്മനാഭൻ: ആ മന്ത്രിയുടെ പേരു പറയാമോ?

സാഹിബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: തൽക്കാലം പേരു പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെ എനിക്കു വിശ്വസിക്കുവാൻ കാരണമുണ്ടെന്നേ പറഞ്ഞുള്ളൂ.

സർ, നിയമപരമായി നോക്കുമ്പോൾ എനിക്കു വേറൊരു സംശയവുമുണ്ടു്. ബോർഡിലെ അംഗമായിരിക്കുന്ന ഒരാളിനു് നിയമസഭാ തെരഞ്ഞെടുപ്പുമൂലം നിയമസഭയിലെ അംഗമാകാൻ പാടില്ലാ എന്നു പറയുന്നില്ല. അതുകൊണ്ടു് ഇന്നു ബോർഡിലെ അംഗമായിരിക്കുന്ന ഒരാളിനു് ഈ നിയമസഭയിലെ ഒരു സാമാജികനാകാം. എന്നാൽ ഈ നിയമസഭയിലെ സാമാജികനായിരിക്കുന്ന ഒരാളിനു് ബോർഡിലെ അംഗമാകാൻ പാടില്ലതാനും. അങ്ങനെ ഇവിടത്തെ രാഷ്ട്രീയാന്തരീക്ഷം മതകാര്യങ്ങൾക്കുവേണ്ടി അടിമപ്പെടുത്താനുള്ള ഒരു ഉന്നം കൂടി അറിഞ്ഞോ അറിയാതെയോ ഇതിലുണ്ടു്. രാഷ്ട്രീയകാര്യങ്ങളാണോ പാവനമാക്കിവക്കേണ്ടതു് അതല്ല മതപരമായ കാര്യങ്ങളാണോ പാവനമാക്കിവക്കേണ്ടതു എന്നുള്ളതാണു് ഇപ്പോൾ നാം ആലോചിക്കേണ്ടതു്. മതകാര്യങ്ങൾ ഒരുവിധത്തിൽ പാവനമാണു്. പക്ഷെ ഒരു രാജ്യത്തെ നിയമസഭ പാവനമായും സർവ്വോപരിയായും വയ്ക്കേണ്ടതു് രാഷ്ട്രീയകാര്യമാണു്. എന്റെ അഭിപ്രായം പറഞ്ഞാൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചവരാണു് നിയമസഭയിൽ വരുന്നതു്. അങ്ങനെ ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചു എന്നുള്ള ഒരൊറ്റ കാര്യംകൊണ്ടു് ബോർഡിലെ അംഗം ആകുന്നതിനു് അയോഗ്യത വരുന്നു എന്നു പറയുന്നതു് വളരെ കഷ്ടമാണു്. മതകാര്യങ്ങളിൽ ഇടപെടുന്നവർ രാഷ്ട്രീയപാർട്ടിയിൽ തുടരാൻ പാടില്ലെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കുന്നതാണു്. അങ്ങനെ ഒരു നിയമം നിയമസഭയുണ്ടാക്കുകയാണു് വേണ്ടതു്. അതിനാൽ ഞാൻ ശ്രീ. സ്ഥാണുലിംഗനാടാരുടെ ഭേദഗതിയെ അനുകൂലിക്കുന്നു.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) ശ്രീ. ശിവരാമപിള്ളയുടെ ഭേദഗതിയാണു് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ശ്രീ. സ്ഥാണുലിംഗനാടാർ അതിനെ അനുകൂലിച്ചു എന്നേയുള്ളൂ. നു-ാം ഉപവകുപ്പിനെ സംബന്ധിച്ചുള്ള ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. നു-ാം ഉപവകുപ്പു് ഈ ബില്ലിൽ സ്ഥാനം പിടിക്കേണ്ട ആവശ്യമില്ലെന്നാണു് ശ്രീ. ശിവരാമപിള്ളയുടെ വാദം. ആ ഉപവകുപ്പിന്റെ അടിസ്ഥാനതത്വം ഈ സഭയിലെ ഭൂരിഭാഗം അംഗങ്ങളും സ്വീകരിച്ചിട്ടുള്ളതാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ശ്രീ. ശങ്കർ, ഭാഗികമായിട്ടാണു് ആ തത്വം ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ളതെന്നും, പൂർണ്ണമായി ആ തത്വം സ്വീകരിക്കുന്നതിനു പര്യാപ്തമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ലെന്നും പറയുകയുണ്ടായി. ഏതായാലും ഇതിനെ സംബന്ധിച്ചു മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു മുമ്പുണ്ടായിട്ടുള്ളതായി മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. ദേവസ്വം ബോർഡംഗങ്ങൾ രാഷ്ട്രീയമായി അതീതന്മാരായിരിക്കണം എന്നാണു് ഈ ഉപവകുപ്പു് ആവശ്യപ്പെടുന്നതു്. അതു ഈ ബില്ലിൽ സ്ഥാനംപിടിക്കേണ്ടതു അത്യാവശ്യമാണു്. എന്നാൽ ആ തത്വം ശരിയായി പരിപാലിക്കുന്നതിനുള്ള അതിപ്രധാനമായ ഉപാധികൾ ഈ ബില്ലിൽ സ്വീകരിച്ചിട്ടില്ല എന്നതാണു് ക്ഷേപവും ഇവിടെ പറയുകയുണ്ടായി. അതായതു് നിയമസഭയിലെ ഹിന്ദുമെമ്പറന്മാരാണു് ബോർഡംഗങ്ങളെ തിരഞ്ഞെടുക്കുന്നതെന്നും ആ വകുപ്പു നിലവിലിരിക്കുന്നിടത്തോളം കാലം രാഷ്ട്രീയപരിഗണനയില്ല എന്നു പറയുന്നതിൽ സത്യമില്ല എന്നുമായിരുന്നു ഇവിടെകൊണ്ടുവന്ന വാദം. ആ വാദം സ്വീകരിക്കാമെന്നിരുന്നാൽ തന്നെയും അതിനു പര്യാപ്തമായ വ്യവസ്ഥ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനു സാങ്കേതികമായും നിയമപരമായും തടസ്സങ്ങൾ ഉണ്ടെന്നു ഇതിനുമുമ്പുതന്നെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ നാലാം ഉപവകുപ്പു് ആ കാരണത്താൽ മാറണമെന്നവരുന്നില്ല. ദേവസ്വം ബോർഡംഗങ്ങളുടെ തിരഞ്ഞെടുപ്പു രാഷ്ട്രീയമായ പരിഗണനകൾക്കു തികച്ചും അതീതമായി നടത്തത്തക്കവിധത്തിൽ ഇതിന്റെകൂടെ വേറൊരു വകുപ്പുകൂടി ചേർക്കേണ്ടതുണ്ടു്. അടുത്ത ഒരു സന്ദർഭത്തിൽ അങ്ങനെ ഒരു ഭേദഗതി കൊണ്ടുവരാവുന്നതും ആ വ്യവസ്ഥകൂടി ഈ ബില്ലിൽ ചേർക്കാവുന്നതുമാണു്.

മി. മൈതീൻകുഞ്ഞു പറഞ്ഞ മറ്റു ചില കാര്യങ്ങൾക്കു് മറുപടി അർഹിക്കുന്നില്ല. മദ്യഷാപ്പിന്റെ കാര്യങ്ങളും മറ്റും അദ്ദേഹം പറയുകയുണ്ടായി. മദ്യഷാപ്പിന്റെ വിവരങ്ങളും മദ്യഷാപ്പിൽ തുങ്ങി കിടക്കുന്ന ആളുകളുമായി എനിക്കു വലിയ പരിചയമില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. മറുപടി പറയുന്നില്ല എന്നു പറഞ്ഞിട്ടു പിന്നെ മറുപടി പറയാമോ?

മി. സ്പീക്കർ: ബഹു. മെമ്പർ പറഞ്ഞ ചില കാര്യങ്ങൾ മറുപടി അർഹിക്കുന്നില്ലെന്നാണു് മന്ത്രിയുടെ മറുപടിയിൽ പ്രസ്താവിച്ചതെന്നു തോന്നുന്നു. അർഹിക്കുന്നില്ലെങ്കിലും കൊടുക്കുന്നതിൽ തെറ്റില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ അതേപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment moved by Sri. K. Sivarama Pillai for [the deletion of sub-clause (vi) of Clause 7 was put and lost.

Sri. A. Chidambaranatha Nadar: I move the following amendment: Delete sub-clause (vii) of Clause 7.

Sri. R. Sankar: I rise to a point of order. This amendment is for the deletion of sub-clause (vii). There are other amendments following in the list for the deletion of certain words. If this amendment is taken up now, then the purpose of the other amendments will be defeated.

Mr. Speaker: Not necessarily. The House may decide that the whole clause need not be deleted, and then amendments for the deletion or omission of particular words may be taken up.

Sri. R. Sankar: If the whole Clause goes then what is the meaning of putting a part to vote. We may be allowed to move all the amendments together.

Mr. Speaker: The question whether the whole sub-clause may be deleted or not may be considered first. If the whole sub-clause is not to be deleted then the amendments to particular words may be taken up. Mr. Chidambaranatha Nadar may move his amendment.

Sri. A. Chidambaranatha Nadar: I am not moving the amendment.

Sri. R. Sankar: Sir, I move my amendment, namely,

In Clause 7, sub-clause (vii), delete the words "or communal".

The Clause as amended would read: "holds an elective or executive post in any political organisation".

Sri. T. K. Narayana Pillai: Sir, I accept the amendment.

The amendment was adopted.

Sri. T. K. Narayana Pillai: Then there is Mr. Dewar's amendment, No. 121.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Is the member here?

Sri. T. K. Narayana Pillai: No, he is not here.

Sri. K. Ayyappan: There is No. 149—Mr. Prasad.

Mr. Speaker: Yes, that may be moved.

Sri. R. Sankar: Sir, on a point of order. Can that be moved when amendment 141 has been accepted?

Mr. Speaker: That is in regard to the deletion of one word.

Sri. R. Sankar: Acceptance of that amendment to delete one word would mean acceptance of the rest of the sub-clause. Acceptance of the first amendment means that that part alone should go and that the rest of the sub-clause should stand.

Mr. Speaker: No, it does not mean that at all. Deletion of one part does not prevent a motion for deleting other parts of the clause or even all the remaining parts.

Sri. K. Sivarama Pillai: Sir, on a point of order. The Hon'ble Member was once called and he did not rise to move it.

Mr. Speaker: No, it is a mistake. The member was not then called.

Sri. C. C. Prasad: I move: In clause 7, (vii) should be deleted.
ഈ സബ്ക്ലോസ്കൊണ്ടുദ്ദേശിക്കുന്നത് ഇന്ന് തിരുവിതാംകൂർ-കൊച്ചിയിൽ, സാമുദായികവും രാഷ്ട്രീയവുമായ സംഘടനകളിൽ പെടാതെ മറ്റു പല സംഘടനകളും.....

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ആ ഭേദഗതി സ്വീകരിക്കുന്നു.

Sri. R. Sankar: Sir, on a point of order. I did not understand the implication of the point that the Hon'ble member was making.

Mr. Speaker: The member points out that the House has agreed to the deletion of the word "Communal". Considering the trend of opinion in the House the member thinks that the deletion of the entire sub-clause instead of the omission of the word "Communal" will better satisfy the House. The member therefore suggests that his amendment for the deletion of the entire sub-clause may be accepted.

Sri. T. K. Narayana Pillai: Yes, Sir.

Sri. R. Sankar: I oppose that acceptance of that motion by the House. I may be allowed to speak on it.

Mr. Speaker: Yes.

ശ്രീ. ആർ. ശങ്കർ: സർ, ഈ ക്ലാസ്സ്, ഉപവകുപ്പ് ഏ മുഴുവൻ പോകുന്നതോടുകൂടി ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിലൊ, രാഷ്ട്രീയസംഘടനയിലൊ, ഏതെങ്കിലും സാമുദായികസംഘടനയിലൊ തിരഞ്ഞെടുക്കപ്പെടുന്നതോ, എക്സിക്യൂട്ടീവോ ആയ ഏതെങ്കിലും സ്ഥാനം വഹിക്കുന്നയാൾക്കു ഈ ബോർഡിലെ തിരഞ്ഞെടുപ്പിനു നില്ക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥ ഇല്ലാതായിത്തീരുന്നതാണു്. അതിന്റെ അർത്ഥം, രാഷ്ട്രീയകാര്യങ്ങളിൽ ഏറ്റവും ഉത്തരവാദിത്വമുള്ള സ്ഥാനത്തിരിക്കുന്ന ആളുകളായിരുന്നാലും ശരി ആ ആളുകൾക്കു് ദേവസ്വം ബോർഡിലെ മെമ്പറന്മാരാകുന്നതിനു വിരോധമില്ലെന്നാണു്. മുൻപിലത്തെ ക്ലാസ്സിൽ അതായതു് സബ്ക്ലാസ്സു് നു-ൽ പറഞ്ഞിരിക്കുന്നതു് ഏതെങ്കിലും സ്റ്റേറ്റിലെ നിയമസഭയിലേയ്ക്കു ഇൻഡ്യൻ പാർലിമെൻറിൽ അംഗമായിരിക്കുന്ന ഒരാൾക്കു അംഗമായിരിക്കാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്നതുപോലെ, രാഷ്ട്രീയകക്ഷി ഏതായിരുന്നാലും അതിലെ അംഗങ്ങൾക്കു ദേവസ്വം ബോർഡിലെ അംഗങ്ങൾക്കു ആയിരിക്കാൻ പാടില്ലെന്നാണു്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഇതിനെക്കുറിച്ചു് ഒരവസരത്തിൽ സംസാരിച്ചപ്പോൾ പറഞ്ഞതു്, രാഷ്ട്രീയകാര്യങ്ങളും മതപരമായ കാര്യങ്ങളും തമ്മിൽ വളരെ മാറ്റി നിറുത്തേണ്ടതു ആശാസ്യമായിരിക്കുമെന്നുള്ളതുകൊണ്ടാണു് രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെട്ട ആളുകൾക്കു ദേവസ്വംബോർഡിൽ അംഗമായി തുടരാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതു് എന്നാണു്. ഈ തത്വത്തിനു കടകവിരുദ്ധമായിട്ടാണു് ഇപ്പോഴത്തെ ഭേദഗതി സ്വീകരിച്ചുകൊണ്ടു് അങ്ങേയ്ക്കു പ്രവർത്തിച്ചതു്. മുൻപുള്ള ഒരാർഡിനൻസിലും ഇല്ലാത്ത ഒരു വ്യവസ്ഥയാണു് ഇതു്. നിയമസഭയിൽ ഉള്ള അംഗങ്ങൾക്കു് ദേവസ്വം ബോർഡിലെ മെമ്പറന്മാരായി തുടരാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് നിയമസഭയെക്കാൾ ഉത്തരവാദിത്വമുള്ള പാർട്ടിയിലെ, അതായതു് നിയമസഭയ്ക്കു്—എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായത്തിൽ ഇപ്പോഴത്തെ നിയമസഭയ്ക്ക്"—എല്ലാ കാര്യങ്ങളിലും മാർഗ്ഗദർശിത്വം നൽകിക്കൊണ്ടിരിക്കുന്ന പാർട്ടിയിലെ അംഗങ്ങൾക്ക് ദേവസ്വം ബോർഡിൽ മെമ്പറന്മാരാകുന്നതിനു വിരോധമില്ലെന്ന് വരുത്തുന്നതായ ഈ ഭേദഗതി ചീഫ് മിനിസ്റ്റരുടെ തത്വത്തിനു കടകവിരുദ്ധമായിട്ടാണ് കാണപ്പെടുന്നത്. ഇതുകൊണ്ടു കാണുന്നത് ഗവണ്മെണ്ടിനു ഈ വിഷയത്തിൽ ഒരൊറ്റ ഉദ്ദേശം മാത്രമെയുള്ളുവെന്നാണ്. അതായത്, ഈ നിയമസഭയിലെ മെമ്പറന്മാർ ബോർഡിലെ മെമ്പറന്മാരായി ഇരിക്കരുതെന്നുള്ള ഒരൊറ്റ ഉദ്ദേശം മാത്രമാണുള്ളതു്. ഇപ്പോൾതന്നെ രാജ്യം ഈ ബില്ലിലെ നീചമായ വശങ്ങളെപ്പറ്റി ധാരാളം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഈ ബില്ലിലെ വകുപ്പുകളെപ്പറ്റി രാജ്യത്തു ഒരു വലിയ എതിർപ്പുണ്ടെന്നുള്ളതു് ആരും സമ്മതിക്കുന്ന ഒന്നാണ്. നിയമസഭയിലെ അംഗമായി നില്ക്കാൻ ഒരാൾ തുനിഞ്ഞുവെന്നിരിക്കട്ടെ. അയാൾ വോട്ടഴ്സിന്റെ അടുത്തു പോകുമ്പോൾ അവർ ആലോചിക്കുന്നതു് രണ്ടു കാര്യങ്ങളാണ്. ഒന്നാമതു് രാഷ്ട്രീയമായി അയാൾക്കുള്ള സ്ഥാനവും അയാളുടെ പ്രവർത്തനരംഗവും ആണ്. ഞാൻ പറയുന്നതു് ഹിന്ദു വോട്ടേഴ്സിനെ സംബന്ധിച്ചാണ്. രണ്ടാമതു് ഹിന്ദുമതപ്രവർത്തനങ്ങളിൽ അയാൾക്കുള്ള താല്പര്യം, അയാൾക്കുള്ള സ്ഥാനം എന്നിവയാണ്. രാഷ്ട്രീയമായി വളരെ കെൽപും, നല്ല സ്ഥാനവും ഉള്ള ഒരാൾ, മതപരമായ കാര്യത്തിൽ പിന്നോക്കം ഇരുന്നിരിക്കട്ടെ, വോട്ടർക്ക് ഒരുപക്ഷേ, രാഷ്ട്രീയകാര്യങ്ങളിൽ പിന്നോക്കമായിരുന്നാലും മതപരമായ കാര്യങ്ങളിൽ മുൻകൈയെടുത്തു് പ്രവർത്തിക്കുന്ന ഒരുവനു വോട്ടുകൊടുക്കണമെന്നായിരിക്കും തോന്നിയേക്കാവുന്നതു്. അപ്പോൾ രാജ്യകാര്യങ്ങളിൽ അശക്തനും, എന്നാൽ അതേസമയത്തു് മതപരമായ കാര്യങ്ങളിൽ താല്പര്യമുള്ളവനുമായ ഒരാൾക്കാണ് വോട്ടു കിട്ടുന്നതു്. അങ്ങനെയുള്ള മെമ്പറന്മാർ ഈ നിയമസഭയിൽ വരികയാണെങ്കിൽ രാജ്യകാര്യങ്ങൾ ശരിയായി നടത്തുന്നതിനു പ്രതിബന്ധമുണ്ടാകുമെന്നുള്ളതു് നല്ലതുപോലെ കാണാവുന്നതാണ്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ, അബദ്ധജഡിലമായ ഒരു നിയമമാണ് ഇതുകൊണ്ടുണ്ടാകുന്നതു്. അതുകൊണ്ടു് അബദ്ധജഡിലമായ ഈ ഭേദഗതി ഇതിൽ ഉൾപ്പെടുത്തരുതെന്നു് ഞാൻ ഉള്ള ശക്തി മുഴുവൻ ഉപയോഗിച്ചു വാദിക്കുന്നു. രാഷ്ട്രീയവും മതപരവുമായ കാര്യങ്ങൾ കൂട്ടികുഴയ്ക്കരുതെന്ന ഉദ്ദേശമാണ് ചീഫ് മിനിസ്റ്റർക്ക് ഉള്ളതെങ്കിൽ, എഴാം ഉപവകുപ്പു് എടുത്തുകളയണമെന്നുള്ള ഭേദഗതി സ്വീകരിക്കാതെ, ആ ക്ലാസ്സു അതുപോലെതന്നെ അതായതു് എന്റെ മുൻപിലത്തെ ഭേദഗതിയോടുകൂടി പാസ്സാക്കുകയാണ് നല്ലതു്. ഈ ഭേദഗതി സ്വീകരിക്കുന്നതിനെ എന്റെ മുഴുവൻ ശക്തി ഉപയോഗിച്ചു ഞാൻ എതിർക്കുന്നു.

ശ്രീ. എ. சிதம்பரநாத நாடார்: സർ, பிரதான மந்திரியவர்கள் ശ്രീ. സി. സി. பிரசாத் அவர்களுடைய 149 வது amendment ஐ ஒப்புக்கொண்டதை நான் எதிர்க்கிறேன். நான் சொல்லப்போவது ശ്രീ சங்கர் சொன்ன காரணங்களல்ல. வேறு காரணங்களுண்டு. பிரதான மந்திரியவர்கள் 149 வது திருத்தத்தை ஒப்புக்கொண்ட அளவில், அதற்குள் ஏதோ ஒரு bomb இருக்கிறது என்று தோன்றுகிறது. அறிவு படைத்த எவனுக்கும், என் பிரதான மந்திரி இத்திருத்தத்தை ஒப்புக்கொண்டார் என்பது தெரியவரும். இதிலிருந்து நன்கு தெளிவாகிறது, ശ്രീ மன்னத்து பத்மனுப பிள்ளையையும், ശ്രീ. சங்கரையும் இந்த போர்டிலிருந்து வெளியே தள்ளிவிட வேண்டுமென்பதுதான். அதற்காகச் செய்யப்படும் சூட்சியில். இதற்காகத்தான், அரசியலில் ஈடுபட்ட எவரையும் இந்த போர்டில் எடுக்கக்கூடாது என்ற திருத்தத்தைப் பிரதானமந்திரி ஒப்புக்கொண்டார் என்பது தெளிவாகிறது. அது மாத்திரமல்ல வேறு ஒரு சூட்சியும் இருக்கலாம். ஒரு வேளை கும்பளத்து சங்குப்பிள்ளையை இந்த போர்டில் அங்கத்தினராக்கத்தான் என்று நினைக்கிறேன். உங்கள் State Congress, Muslim League என்று சொல்வது.....

Mr. Speaker : The Hon'ble member may speak about the amendment itself and not the reasons for the acceptance of it by the Minister. We have not accepted the amendment, it is only before the House, though the Minister has accepted it. You can speak on the amendment—the reasonableness of the amendment, etc, But the remarks as to what induced the Minister to accept it and all that, are not admissible

ശ്രീ. എ. சிதம்பரநாத நாடார்: സർ, ശ്രീ. பிரசாத் அவர்கள், பிரதான மந்திரியின் தூண்டுதலால் இந்தத் திருத்தப் பிரேரணையைக் கொண்டுவந்திருக்கிறார் என்று

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Chithambaranatha Nadar]

தோன்றுகிறது. ஸர், அரசியலும் மதமும் ஒன்றாக இருக்கக்கூடாது என்பதை ரோமன், கிரீக்கு சரித்திரங்களைப் படித்துப் பார்த்தால் தெரியும். அரசியல் ஈடுபட்டவர் மதத்தில் ஈடுபடக்கூடாது, மதத்தில் ஈடுபட்டவர்கள் அரசியலில் ஈடுபடக்கூடாது என்று சொன்னால், அதை ஒப்புக்கொள்ள முடியுமா? ஸ்டேட் காங்கிரஸ் எஸ். என். டி. பி. நாயர் ஸர்வீஸ் லொஸைட்டி முஸ்லீம் லீக் இவைகளெல்லாம் ஜாதியின் பேரால் பிழிந்தெடுத்த ஸ்தாபனங்கள். அவைகளில் கள்ளத்தனமிருக்குமானால் அதற்காக ஹிந்து சமுதாயத்தையே ஆழக்குழிதோண்டிப் புதைக்க ஏற்பாடு செய்கிறீர்களே இந்த மஸோதாவைப் பார்த்து கொச்சி, திருவிதாங்கூரிலுள்ள ஜனங்கள் என்ன சொல்லிக்கொண்டு இருக்கிறார்கள் என்பதை பிரதான மந்திரி அறிய வேண்டும்.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർത്തു രണ്ടു വാക്കു സംസാരിക്കണമെന്നാഗ്രഹിക്കുന്നു. ഈ ഭേദഗതി ചീഫ് മിനിസ്റ്റർ സ്വീകരിച്ചു തോട്ടുകൂടി ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു നാം ഭാവനചെയ്യുന്ന സെക്യൂലർ സ്റ്റേറ്റിന്റെ ഒരു ഭാഗമാണ് കൊച്ചി-തിരുവിതാംകൂർ സ്റ്റേറ്റൊന്നു സ്ഥാപിച്ചുകഴിഞ്ഞു. സർ, ആദ്യമായിട്ട് ഈ നിയമനിർമ്മാണംതന്നെ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷന്റെ ചട്ടം വകുപ്പനുസരിച്ചു ശരിയാണെന്നാണ് ഞങ്ങൾ വാദിച്ചതു്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഞങ്ങളുടെ അഭിപ്രായം ശരിയല്ലെന്നും മറ്റും പറഞ്ഞിട്ട അതിനെതിരായി വാദിച്ചു് അദ്ദേഹത്തിന്റെ അഭിപ്രായം സ്ഥാപിച്ചു. ഒരു സെക്യൂലർ സ്റ്റേറ്റ് ആയിരിക്കുന്ന കാലത്തു് മതപരവും രാഷ്ട്രീയവുമായ കാര്യങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതു ശരിയല്ലെന്നുള്ള ഞങ്ങളുടെ വാദങ്ങളെ ചീഫ് മിനിസ്റ്റർ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പ്രസംഗം ഞങ്ങളുടെ ശ്രവണപുടങ്ങളിൽ കയറി അതുണ്ടാക്കിയ വേദന മാറുന്നതിനു മുൻപു ആ പ്രസംഗം വിഴുങ്ങണമെന്നു പറയുന്നതു് വിചിത്രമായിരിക്കുന്നു. ഈ ഭേദഗതി സ്വീകരിക്കുന്നതോടുകൂടി പ്രധാനമന്ത്രി ഇതുവരെ വാദിച്ചിട്ടുള്ള ഭേദഗതികളുടെ തത്വങ്ങൾക്കു് എന്തെങ്കിലും വിലയുണ്ടോ ഇല്ലയോ എന്നും ധാർമ്മികമായ സകല അടിസ്ഥാനതത്വങ്ങളെയും മെതിച്ചിട്ടല്ലേ അദ്ദേഹം അപ്രകാരം പ്രസ്താവിക്കുന്നതെന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നു. സർ, രണ്ടു ദിവസങ്ങൾക്കുമുൻപു ഈ ബില്ലു ഹാജരാക്കുമ്പോൾ അതിൽ ഇല്ലാതിരുന്നതായ ഒരു നിയമം സെലക്ട് കമ്മിറ്റി അതിൽ ഉൾപ്പെടുത്തി. രാഷ്ട്രീയകാര്യങ്ങളിൽ എന്തെങ്കിലും സ്ഥാനമുള്ളവർ ബോർഡിൽ അംഗങ്ങളായിരിക്കാൻ പാടില്ലെന്നുള്ളതു് തന്റെ അഭിപ്രായപ്രകാരം സെലക്ട് കമ്മറ്റി സ്വീകരിച്ചിരിക്കുന്നുവെന്നും, ആ നിലയിലുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്നും ചീഫ് മിനിസ്റ്റർ പ്രസ്താവിച്ചു. ഇപ്പോൾ ആ തത്വം സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു് ആ തത്വത്തിനു കടകവിരുദ്ധമായിട്ടുള്ളതും യാതൊരു ന്യായവും ധാർമ്മികവുമായ യാതൊരടിസ്ഥാനവുമില്ലാതെ, അധാർമ്മികമായ ഉന്നംകൊണ്ടുമാത്രം കൊണ്ടുവന്നിരിക്കുന്നതുമായ ഒരു ഭേദഗതിയാണ് ഇപ്പോൾ മി. സി. സി. പ്രസ്താവിന്റെ ഭേദഗതി സ്വീകരിക്കുന്നതോടുകൂടി ഉണ്ടാകുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. രാഷ്ട്രീയകക്ഷിയിൽപ്പെട്ടവർക്കു എന്തുകൊണ്ടാണ് ദേവസ്വം ബോർഡിലെ അംഗങ്ങളായിരിക്കുവാൻ പാടില്ലാത്തതെന്നു ചോദിച്ചതിനു മറുപടിയായി പറഞ്ഞതു് സ്റ്റേറ്റസ് ഡിപ്പാർട്ട്മെണ്ടിൽനിന്നും പറഞ്ഞിരിക്കുന്നു, രാജ്യത്തു കുഴപ്പമൊന്നും ഉണ്ടാക്കരുതു്, രാഷ്ട്രീയകാര്യങ്ങളും മതപരമായ കാര്യങ്ങളും തമ്മിൽ കൂട്ടരുതു്, അതുകൊണ്ടാണ് ഈ ഭേദഗതി ഉൾപ്പെടുത്തിയിരിക്കുന്നതു് എന്നെല്ലാം. ആ സംഗതി കഴക്കോൽപോലെ കാണിച്ചുകൊണ്ടാണ് ഭേദഗതിയെ അനുകൂലിക്കാൻ ചീഫ് മന്ത്രിയും മറ്റു മന്ത്രിമാരും പ്രേരിതരായതു്. അപ്പോൾ ഞങ്ങൾ പറയുന്ന ആരോപണത്തിനു എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നു സഭയ്ക്കു സംശയമുണ്ടായിരുന്നു. ഇപ്പോൾ അതു പകൽപോലെ കാണാവുന്നതാണ്. ചാക്കിനകത്തിരുന്ന പൂച്ച ഇപ്പോഴാണ് വെളിയിൽ ചാടിയതു്. ഈ ഭേദഗതി സ്വീകരിക്കുന്നതിനു ചീഫ് മിനിസ്റ്റരെ പ്രേരിപ്പിച്ച സംഗതി.....

Mr. Speaker: It has already been remarked that the attitude of the Minister in accepting he amendment need not be the subject matter of the discussion. The merits of the amendment may be discussed, and not what may have induced or may not have induced the Minister in ac epting it.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. P. Nilakanta Pillai: Sir, under a particular clause, with reference to two sub-clauses, two entirely different, incongruous and inconsistent arguments are advanced by Hon'ble the Chief Minister. Are we not entitled to advance these things for strengthening our arguments?

Mr. Speaker: On the basis of that information, you can discuss the merits of the amendment and not the motives that actuated the minister to accept the amendment.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: സർ, ഇപ്പോൾ ഈ ഭേദഗതി സ്വീകരിച്ചപ്പോൾ മനസ്സിലാകുന്നതു് സാമുദായികമായിട്ടും രാഷ്ട്രീയമായിട്ടുമുള്ള സംഘടനകളിൽ പ്രാധാന്യമുള്ള സ്ഥാനങ്ങൾ വഹിക്കുന്ന ആളുകൾക്കും ഈ ബോർഡിൽ അംഗങ്ങളായിരിക്കാമെന്നുള്ളതാണു്. അപ്പോൾ രാഷ്ട്രീയവും മതപരവുമായ കായ്ക്കങ്ങൾ തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതെന്ന അഭിപ്രായത്തിനു വല്ല കഴമ്പുമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ രാഷ്ട്രീയകക്ഷിക്കു ഈ ദേവസ്വംഫണ്ടും ദേവസ്വങ്ങളും അടക്കിഭരിച്ചു കക്ഷിയുടെ താല്പര്യത്തെ പുലർത്തിവളർത്തിക്കൊണ്ടുപോകണമെന്നുള്ള ഒരൊറ്റ ഉദ്ദേശമാണു് ഈ ഭേദഗതി സ്വീകരിക്കുന്നതിനു് ചീഫ് മിനിസ്റ്ററെ പ്രേരിപ്പിച്ചതെന്നാണു്. അതുകൊണ്ടു ഇനിമേൽ രാഷ്ട്രീയകായ്ക്കങ്ങളിൽ ഇടപെടുന്നവർക്കു ദേവസ്വം കായ്ക്കങ്ങളിൽ കായ്ക്കുമില്ലെന്നു പറയുവാൻ അവകാശമില്ല. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ ചട്ടങ്ങൾക്കും ധാർമ്മികമായ തത്വചിന്തയ്ക്കും വിരുദ്ധമായ ഒന്നാണു് ഈ ഭേദഗതി സ്വീകരിക്കുന്നതോടുകൂടി ഉണ്ടാകുന്നതു് എന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഭൂരിപക്ഷകക്ഷിയുടെ ആനുകൂല്യമുണ്ടെന്നുള്ള ഒരൊറ്റ ധൈര്യത്തോടുകൂടിയാണു് ഈ വകുപ്പുകൾ ഇതിൽ ചേർക്കുന്നതു എന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. ഇതുയും പറഞ്ഞുകൊണ്ടു ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: ഭേദഗതി സ്വീകരിച്ചതിനു എതിരായി കൊണ്ടുവന്ന വാദങ്ങൾക്കു മറുപടി പറയുന്നതിനു മുൻപു ഒന്നു പറയുവാനുള്ളതു് ഈ സബ്ജക്ടസ് എടുത്തുകളയണമെന്നു കാണിച്ചു പല മെമ്പറന്മാരും അമൻഡ്മെൻറ് അയച്ചിട്ടുണ്ടെന്നാണു്. 129-ാമത്തെ ഭേദഗതി ശ്രീ. മാന്നാർ ഗോപാലൻ നായർ അയച്ചിട്ടുണ്ടു്. അതുപോലെ ഒരു ഭേദഗതി ശ്രീ. പാച്ചുപിള്ള അവർകളും അയച്ചിട്ടുണ്ടു്. ശ്രീ. താണുലിംഗംനാടാരുടെയും ഒരു ഭേദഗതിയുണ്ടു്. ശ്രീ. വി. ഭാസിന്റെ ഒരു ഭേദഗതിയുണ്ടു്. ശ്രീ. ചിദംബരനാഥനാടാർ, ശ്രീ. ശിവരാമപിള്ള, ശ്രീ. കൊച്ചുകൃഷ്ണപിള്ള മുതലായ ബഹുമാനപ്പെട്ട മറ്റു ചില മെമ്പറന്മാരുടേയും ഭേദഗതികളുണ്ടു്. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുന്നതിനെക്കുറിച്ചു എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽ അതിനെക്കുറിച്ചു എന്താണു മറുപടി പറയേണ്ടതെന്നു ഞാൻ ആലോചിക്കുകയാണു്. ഇവിടെ പ്രധാനമായി ഉന്നയിച്ചിട്ടുള്ള വാദം ഒരു ദേശീയഗവൺമെണ്ടിന്റെ തത്വങ്ങൾക്കു വിരുദ്ധമായിട്ടാണു് ഗവൺമെണ്ടു ചില നിയമങ്ങൾ ഉണ്ടാക്കിവരുന്നതെന്നാണു്. ഞാൻ മനസ്സിലാക്കിയിട്ടുള്ളതു ശരിയാണെങ്കിൽ, ഒരു ഗവൺമെണ്ടിന്റെ അവിഭാജ്യഘടകങ്ങളായി പരിഷ്കൃതലോകം സ്വീകരിച്ചിട്ടുള്ളതു ഒരു ജുഡീഷ്യറി, ഒരു ലജിസ്ലേച്ചർ, ഒരു എക്സിക്യൂട്ടീവ് എന്നീ മൂന്നു ഘടകങ്ങളാണു്. ദേവസ്വം ബോർഡ് അംഗമാകുന്ന ഒരാൾ ഈ അവിഭാജ്യഘടകങ്ങളുടെ അംഗങ്ങൾ ആകരുതെന്നാണു് ഈ നിയമം അനുശാസിക്കുന്നതു്. അതുകൊണ്ടു് സെക്യുലർസ്റ്റേറ്റായിരിക്കണമെന്നുള്ള തത്വത്തിനു വിപരീതമായി ഒന്നും ഇതിൽ കൊണ്ടുവന്നിട്ടില്ല. വേറൊരു വാദം ഇതിൽ കൊണ്ടുവന്നിട്ടുള്ളതു രാഷ്ട്രീയകക്ഷികൾക്കു ഇതിൽ മത്സരിക്കാൻ അവകാശമുണ്ടെന്നാണു്. രാഷ്ട്രീയാഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നാലും അതിനു വിധേയമായി ആ കക്ഷികളിൽപെട്ട ആളുകൾക്കു ബോർഡിലെ അംഗമായിരിക്കാൻ സാധിക്കുമെന്ന നിയമം ഉൾപ്പെടുത്തുന്നതു രാഷ്ട്രീയകായ്ക്കങ്ങളും മതപരമായ കായ്ക്കങ്ങളും തമ്മിൽ കുഴയ്ക്കുകയാണെന്ന വാദിക്കുന്നുണ്ടു്. എനിക്കു പറയുവാനുള്ളതു് രാഷ്ട്രീയകക്ഷികൾ എന്നുള്ള പദത്തിനു ഒരു ശരിയായ നിർവ്വചനം കോടുക്കുവാൻ സാധിക്കുകയില്ലെന്നാണു്. അതുപോലെതന്നെ രാഷ്ട്രീയകായ്ക്കങ്ങൾ എന്നുള്ളതിനേയും ശരിയായി നിർവ്വചിക്കുവാൻ സാദ്ധ്യമല്ല. കമ്മ്യൂണൽ ഓർഗനൈസേഷനുകളിൽ അംഗങ്ങളായിരിക്കുന്ന ആളുകൾക്കു ബോർഡിൽ അംഗങ്ങളായിരിക്കാൻ പാടില്ലെന്നുള്ള വകുപ്പു മാറ്റി അങ്ങനെ ആക്കാമെന്നു പറയുന്ന ഒരു ഭേദഗതി ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. സാമുദായികസംഘടനകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നപക്ഷം ഏതാണു സമുദായോദ്ധാരണം നടത്തുന്നതു്, ഏതാണു രാഷ്ട്രീയസ്വഭാവമുള്ളതു് എന്നു വിവേചനംചെയ്യാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ലോകം പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ഏതാണു രാഷ്ട്രീയം, ഏതാണു സാമുദായികം എന്നു തിരിച്ചറിയുവാൻ സാദ്ധ്യമല്ലാത്തരീതിയിൽ നാം നാം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. ആം ഇൻഡ്യാ കോൺഗ്രസ്സ് കമ്മിറ്റിയിലെ ഒരംഗത്തിനു ഈ ദേവസ്വം ബോർഡിലെ അംഗമായിരിക്കാൻ നിയമം അനുവദിക്കുന്നില്ല എന്നു പറയുന്നതു അനഭിലഷണീയമാണു്. ഈ രാജ്യത്തു അനേകം രാഷ്ട്രീയകക്ഷികളുണ്ടു്. സോഷ്യലിസ്റ്റുകളുണ്ടു്, കോൺഗ്രസ്സുകക്ഷിയുണ്ടു്, ഡെമോക്രാറ്റിക്കു് സോഷ്യലിസ്റ്റുകക്ഷിയുണ്ടു്, കമ്മൂണിസ്റ്റുകളുണ്ടു്, തമിഴ്നാടു കോൺഗ്രസ്സുണ്ടു്. ഇങ്ങനെ ഈ ഐക്യസംസ്ഥാനത്തെ ജനങ്ങൾ തന്നെ പല കക്ഷികക്ഷികളിലെ അംഗങ്ങളായി ഇതിനകം ഉൾപ്പെട്ടിരിക്കുന്നസ്ഥിതിക്കു അങ്ങനെയുള്ള അംഗങ്ങൾ മുഴുവനും തന്നെ ദേവസ്വംബോർഡിലെ അംഗമായിരിക്കാൻ പാടില്ലെന്നു പറയുന്നതു പ്രായോഗികമായ ഒരു വലിയ വൈഷമ്യത്തിനു ഇടയാക്കുമെന്നുള്ളതിനപ്പുറമെ തത്വപ്രകാരം ശരിയാണോ എന്നുകൂടി ഞാൻ സംശയിക്കുന്നു. "അബദ്ധജഡിലമായ" എന്നും മറ്റും ശ്രീ. ആർ. ശങ്കർ harsh words അല്ലെങ്കിലും, hard words ഉപയോഗിച്ചതു കഷ്ടമായിപ്പോയി. എനിക്കു അതുമാതിരിയുള്ള വാക്കുകൾ ഉപയോഗിക്കുന്നതിനു വശമില്ലെന്നു ഞാൻ സമ്മതിക്കുന്നു. അതിനു വശമുണ്ടായിരുന്നെങ്കിൽ ഞാനും ഉപയോഗിക്കുമായിരുന്നു. അദ്ദേഹത്തെപ്പോലെ സംസ്കൃതത്തിൽ പാണ്ഡിത്യമില്ലാത്തതുകൊണ്ടു ഞാൻ ആ വാക്കുകൾ ഉപയോഗിക്കാൻ ശക്തനല്ല. അതുകൊണ്ടു ആ മാതിരി ഏതെങ്കിലും വാക്കുകൾ ഉപയോഗിച്ചു അദ്ദേഹത്തെ എതിർക്കണമെന്നു എനിക്കു വിചാരമില്ല. അതുസംബന്ധിച്ചു കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകളുടെ ഇൻസിനുവേഷനുകളെപ്പറ്റി പറയാതിരിക്കുകയാണു നല്ലതു്. ഓരോ നിയമനങ്ങളിലും ഓരോ ഇൻഫ്ലുവൻസസിലും എത്തിച്ചേരുന്നതു അവരവരുടെ സംസ്കാരത്തിനും മനോഭാവത്തിനും അനുസരിച്ചാണെന്നു മാത്രമേ എനിക്കു അതിനെക്കുറിച്ചു പറയുവാനുള്ളൂ.

ശ്രീ. എ. താണുപിള്ള: സെലക്ട് കമ്മിറ്റിയിൽ ശ്രീ. ടി. കെ. നാരായണപിള്ള അവർകളും സമ്മതിച്ചിട്ടുള്ള റിപ്പോർട്ടിനു വിപരീതമായി ഭേദഗതി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ ഭേദഗതി സ്വീകരിക്കുന്നതോടുകൂടി ആ അഭിപ്രായത്തിനു വിപരീതമായി എന്തെങ്കിലുമുണ്ടാകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സെലക്ട് കമ്മിറ്റിയിൽ അതു സ്വീകരിച്ചു, പിന്നീടു പല മെമ്പറന്മാരും അയച്ചിട്ടുള്ള ഭേദഗതികളുടെ എണ്ണം നോക്കിയിട്ടു അതിനെ വ്യത്യാസപ്പെടുത്തി.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അതിനുള്ള കാരണങ്ങൾ അറിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: സർ, 'Or communal' എന്നുള്ള വാക്കു ഡെലീറ്റുചെയ്തുകഴിഞ്ഞു. അങ്ങനെ ഡെലീറ്റുചെയ്തതിനുശേഷമുള്ള ക്ലാസു അക്സപ്റ്റുചെയ്തിരിക്കുകയാണു്. അങ്ങനെയിരിക്കെ.....

മി. സ്പീക്കർ: ഇതുപോലെയുള്ള ഭേദഗതികൾ ഹൗസു മുമ്പിലുണ്ടു്. മി. ശങ്കറിന്റേതു ഫർഫാമത്തേതാണു്. ആ ഭേദഗതി സഭ സ്വീകരിച്ചു. എന്നാൽ ആ ഭേദഗതി സ്വീകരിച്ചതിനുശേഷവും 'Or communal' എന്ന വാക്കു എടുത്തു കളഞ്ഞതിനുശേഷവും ആ ക്ലാസിനെ പുനഃപരിശോധിക്കണമെന്നു തോന്നി. ആ വാക്കു എടുത്തു കളഞ്ഞതുകൊണ്ടുമാത്രം ഉദ്ദേശം സാധിച്ചോ എന്നു സംശയം ഉള്ളതുകൊണ്ടു ആ ക്ലാസു മുഴുവനും എടുത്തുകളയണമെന്നുള്ള ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്. അതാണു് ഇപ്പോൾ വോട്ടിനിട്ടിരിക്കുന്നതു്. ഈ ഭേദഗതി കൊണ്ടുവരുന്നതിനും അതേപ്പറ്റി ചർച്ച നടത്തുന്നതിനും വിരോധമില്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. ശങ്കർ: സർ, 'Or communal' എന്നുള്ള ഭാഗം പോകണമെന്നുള്ള ഭേദഗതി സ്വീകരിച്ചതോടുകൂടി ബാക്കിയുള്ള വാക്കുകളോടുകൂടിയ ആ ക്ലാസു അതേപടിതന്നെ ഇരിക്കണമെന്നുള്ള സഭ തീരുമാനിച്ചതായി വിചാരിക്കേണ്ടതാണു്. എന്നാൽ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇപ്പോഴത്തെ അമൻഡമെൻറപ്രകാരം ക്ലാസ് മുഴുവൻ ഡെലീറ്റചെയ്താൽ, എല്ലാ വാക്കും പോകും. "or communal" എന്ന ഭാഗം പോയിരിക്കയാണ്. ഈ ഭേദഗതി ഇപ്പോൾ വോട്ടിനിടുകയാണ്.

The amendment to delete sub-clause (vii) of Clause 7, was put and carried.

Sri. A. Chidambaranatha Nadar: I demand a poll.

A poll was taken when the House divided as follows:—

Ayes 68

1	Sahib Bahadur T. A. Abdulla	35	Sri. N. S. Kochukunju
2	,, V. A. Abdul Aziz	36	,, K. Kochukuttan
3	,, Abdul Majeed	37	,, K. M. Korath
4	Miss Accamma Cheriyan	38	,, T. K. Kunjayyappan
5	Sri. K. A. Achuthan	39	,, N. Kunjuraman
6	,, R. Achuthan	40	Dr. E. K. Madhavan
7	,, Alexander Parambithara	41	Sri. Mankuzhi M. Madhavan
8	,, Alexander Vakayil	42	,, V. O. Markos
9	,, K. Ayyappan	43	,, K. A. Mathew
10	,, P. Balakrishnan Tampi	44	,, M. C. Mathew
11	,, T. S. Bandhu	45	,, M. K. Menon
12	,, E. Bhaskaran	46	Sahib Bahadur P. S. Muhamme
13	,, N. V. Chacko	47	Sri. P. Nanoo
14	,, K. M. Chandy	48	,, C. Narayana Pillai
15	,, Cheladi Rowther	49	,, T. K. Narayana Pillai
16	,, Cheriyan J. Kappan	50	,, G. P. Nilakanta Pillai
17	Mrs. Devaki Gopidas	51	,, C. C. Prasad
18	Sri. T. V. Devan	52	,, P. K. Paul
19	,, P. K. Dewar	53	,, Paul Thaliat
20	,, Eapen Arakkal	54	,, Philipose Muthalaly
21	,, K. R. Elankath	55	,, K. Ramakrishna Pillai
22	,, P. Gopalan	56	,, M. Raman Pillai
23	,, Panampilli Govinda Menon	57	,, Raphael J. Rodriguez
24	,, A. L. Jacob	58	,, Pandavathu Sankara Pillai
25	,, A. J. John	59	,, T. M. Sannalan
26	,, E. John Philipose	60	,, K. Sarangadharan
27	,, A. V. Joseph	61	,, Sebastian Thoppil
28	,, K. S. Joseph	62	,, K. Sekhara Panicker
29	,, Joseph Malieckal	63	,, A. P. Udayabhanu
30	,, Joseph Mathen	64	,, Varghese Augustin
31	,, Joseph (Thumbasseri)	65	,, P. M. Varghese
32	,, V. K. Joseph	66	,, N. P. Varghese
33	,, C. Kesavan	67	,, V. K. Varghese
34	,, T. T. Kesavan Sastri	68	,, K. I. Velayudhan

Noes 23

1	Sri. A. Achuthan	12	Sri. K. P. Nilakanta Pillai
2	,, P. C. Adichan	13	,, Mannathu Padmanabha Pillai
3	,, A. Chidambaranatha Nadar	14	,, M. Palpu
4	,, Sree V. Das	15	,, A. K. Patchu Pillai
5	,, V. Gangadharan Nayar	16	,, K. Ramachandran
6	,, D. Gnanasigamoni	17	,, K. Ramakrishna Achari
7	,, P. Gopalakrishna Menon	18	,, R. K. Ram
8	,, Kannara Gopala Panicker	19	,, R. Sankar
9	,, M. Govindan	20	,, K. Sivarama Pillai
10	,, T. Kochukrishna Pillai	21	,, Ponnara G. Sreedhar
11	,, P. K. Kumaran Asari	22	,, A. Thanu Pillai
		23	Sri. P. Thanulingam Nadar

Neutral 1

Sri. C. Narayanan

The amendment was put and carried.

The question that Clause 7, as amended stand part of the Bill was put and carried.

The clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni: I move "In clause 8 (3), omit the words occurring after the words "sub-section (2)".

The amended clause will then read as follows: (3) An appeal shall lie to the High Court against an order under sub-section (2)."

The words which I want to omit are: "and such appeal shall be heard and disposed of by a Division Bench." It appears to me that this clause is unnecessary. When a appeal is provided, it can only be heard by a Division Bench. The powers of a single judge are enumerated in the High Court Act under section 20. The powers of the Division Bench are enumerated under section 21, and so, it is clear that this will not, in any event, come under section 20 of the High Court Act. So, I cannot understand why there is need for such a clause like this, when as a matter of fact, it can only be heard by a Division Bench. That is the reason why I move this amendment.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ മി. ജ്ഞാനശിഖാമണിയുടെ ഭേദഗതിയെ എതിർക്കുന്നു. നമ്മുടെ ഹൈക്കോടതിക്ക് റൂൾസ് ഓഫ് പ്രാസീഡിയർ ഉണ്ടാക്കുന്നതിനും അതിനെ മാറ്റുന്നതിനും ഉള്ള അവകാശം ഉണ്ട്. ആ സ്ഥിതിക്ക് ഈ വകുപ്പ് വളരെ പ്രാധാന്യമേറിയ ഒന്നായതുകൊണ്ട് ഇതു് ഒരു ഡിവിഷൻ ബഞ്ചുതന്നെ അപ്പീൽ കേൾക്കുന്നതാണ് ഉത്തമമായിട്ടുള്ളതെന്നു് ഞാൻ വിചാരിക്കുന്നു.

Sri. D. Gnanasigamony: Can the High Court frame a rule in contravention of section 21 of the High Court Act itself?

Sri. T. K. Narayana Pillai: The Act itself has now gone, and a new Act has come into force. It is a central subject.

Sri. K. Sivarama Pillai: If there is a difference of opinion between the Judges, what will happen?

Sri. T. K. Narayana Pillai: Then there are other courses open.

The amendment was put and lost.

Sri. R. K. Ram: I move:

In clause 8 (2) omit the word "Trivandrum" and substitute in its place "having local jurisdiction"

As amended, the clause would read thus: "Any person interested may apply to the District Court having local jurisdiction for an order that a member of the Board has become subject to any of the disabilities stated in clauses....." etc.

സർ, ഏതാവതു ഒരുവരുക്കു ഇന്ത പോർഡിലുള്ള ഏതാവതു ഒരു മെമ്പരുക്കു ലെക്ഷൻ 7 ൽ കൂറപ്പട്ട കുറ്റങ്കളിരുക്കിന്റന, അവരൈ മാറ്റ ഒരു മനു കൊടുക്കവേണ്ടുമാനാൽ തിരുവനന്തപുരം ഡിസ്ട്രിക്ട് കോർട്ടുക്കു വാവേണ്ടും. എനതു തിരുത്തം, ഇവർ എന്ത ഊരിലിരുക്കിറാരോ അങ്കു local jurisdiction ഇരുന്താൽ അന്ത ഊരിൽ തമതു മനുവൈക് കൊടുക്കലാമെൻപതു. ഇതൈ ഇന്ത സപൈ ഒപ്പുക്കൊള്ളക് കേട്ടുക് കൊൾകിറേൻ.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. ദേവസ്വം ബോർഡിന്റെ ആഫീസ് തിരുവനന്തപുരത്തുതന്നെ സ്ഥാപിക്കുന്നതുകൊണ്ടു് ദേവസ്വം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ അപേക്ഷകളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതു് തിരുവനന്തപുരത്തു് ആയിരുന്നാൽ വളരെ സൗകര്യപ്രദമായിരിക്കും. ആ ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയാണ് തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിയിലായിരിക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. ആ കാരണംകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. K. Sivarama Pillai: I move:

"Omit (*vi*) and add 'and (*vi*)' after (*iii*) and before 'of section 7' in clause (1)".

The reason is that if one is an office-holder or a Government servant, there is no necessity for the declaration by the Court that he is one such person. But so far as a member of Parliament or of a Legislature is concerned, it is necessary that the court also should declare that he is a member of Parliament or of a Legislature. The Government can take judicial notice of it and say, "If a person having been elected or nominated as a member of the Board subsequently becomes subject to any of the disabilities stated in clauses (*i*), (*ii*), (*iv*), (*v*), (*vi*) and (*vii*)..... ....." etc.

LIBRARY ARCHIVES Kerala Legislative Assembly

Sri. T. K. Narayana Pillai: I accept that amendment. It is a very reasonable amendment.

The amendment was adopted.

Sri. K. Sivarama Pillai: I move:

'Omit the words 'clauses (*i*), (*ii*), (*iv*), (*v*), (*vi*) and (*vii*) of' in sub-clause (2)".

If the Government *ipso facto* or on the application of any person, does not remove a person who is a member of Parliament or a Government servant, there must be some provision for the person interested to apply to the District Court. So far as other disabilities are concerned, even those persons can get a declaration from the court, but if the Government refuse to remove a person who is a Government servant or a member of Parliament, then there is no remedy open in the Act.

Sri. T. K. Narayana Pillai: I don't quite follow you.

Sri. K. Sivarama Pillai: The section reads thus. "Any person interested may apply to the District Court, Trivandrum, for an order that a member of the Board has become subject to any of the disabilities stated in clauses (*i*), (*ii*), (*iv*), (*v*), (*vi*) and (*vii*) of Section 7 and the court may after making such enquiry as it seems fit, by order determine whether or not such member is disqualified".

Now, we have omitted clauses (*iii*) (*vi*) and (*vii*). If a person is a member of Parliament or a Government servant, we need not get a declaration from the Court. But suppose if the Government does not remove him, should not a person come to the court and seek his remedy?

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേഗതിയെ എതിക്കുന്നു. ഭേവസ്വം ബോർഡിലെ അംഗങ്ങൾം പാർലിമെൻറിലേയോ ലെജിസ്ലേച്ചറിലേയോ അംഗമായിരിക്കാൻ പാടില്ലെന്നാണു ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ആ കാരണത്താൽ ഞാൻ മി. ശിവരാമപിള്ളയുടെ ഭേഭേതിയെ എതിക്കയാണു ചെയ്യുന്നതു്. ഞാൻ ഭേഭേതി എതിക്കുന്നതു എന്തുകൊണ്ടാണെന്നുള്ളതു ഇവിടെ തെളിയിക്കാം. ക്ലാസ് വു, സബ് ക്ലാസ് ഡ-ൽ ഇങ്ങിനെ പറയുന്നു.

"Any person interested may apply to the District Court, Trivandrum, for an order that a member of the Board has become subject to any of the disabilities stated in clauses (*i*), (*ii*), (*iv*), (*v*), (*vi*) and (*vii*) of Section 7 and the court may, after making such enquiry as it deems fit, by order determine whether or not such member is disqualified". ഇതനുസരിച്ചു് അദ്ധേഹത്തിന്റെ ഭേഭേതിക്കു് വലിയ അടിസ്ഥാനമുണ്ടെന്നു് എനിക്കു് ബോദ്ധ്യമാകുന്നില്ല. അതുകൊണ്ടാണു് ഞാൻ എതിർക്കുന്നതു്.

The amendment was put and lost.

Sri. A. Thanu Pillai: I move:

"In sub-clause (1) omit "having been" in line 1.

I also move:

In sub-clause (1) after the word 'Board' in line 2, insert 'is or'.

With these two amendments, the clause will read thus. "(1) If a person elected or nominated as a member of the Board is, or subsequently becomes, subject to any of the disabilities stated in clauses ..... and is declared by a court to be under such disability as hereinafter provided, or becomes subject to the disability mentioned in clause (*iii*) of Section 7 or ceases to profess the Hindu religion, he shall cease to be a member".

My object is this. This clause, as it stands, provides only for subsequent disability happening after the election.

Sri. T. K. Narayana Pillai: I am prepared to accept these amendments 170 and 171.

The amendments were adopted.

Sri. A. Thanu Pillai: I move.

"In sub-clause (2), after (*ii*), insert (*iii*)".

Sub-clause (*iii*) is, "an office-holder or a servant of Government, a local authority" .... etc. The question may arise whether a person is really an office-holder or not. It need not necessarily be such a clear question that there need not be any adjudication by a court. Suppose, one person says, he has become an office-holder or he is an office-holder, and another person

LIBRARY ARCHIVES Kerala Legislative Assembly

[Sri. A Thanu Pillai]

denies that, who is to decide? We have not provided here, anything to define an office-holder even. In the circumstances, it must be left to the court to decide whether, as a matter of fact a particular person is an office-holder or not.

Sri. T. K. Narayana Pillai: I agree, but there is one difficulty. These amendments relate to sub-clause (2). In sub-clause (*i*) also, there is no reference to this sub-clause (*iii*). So, if this amendment is accepted, there must be a similar amendment in sub-clause (*i*) also.

Sri. A. Thanu Pillai: I think it is better.

Sri. T K. Narayana Pillai: That can be done at the third reading. I accept the amendment.

The amendment (Amendment No. 172) was adopted.

Mr. Speaker: I suppose the next amendment No. 173 also can be accepted, as it appears to be only a consequential amendment, following upon the previous ones.

Sri. T. K. Narayana Pillai: Yes, Sir.

The amendment to "delete sub-clause (*vii*) of clause 7 wherever it occurs" was adopted.

The question that clause 8 stand part of the Bill was put and carried.

The clause was added to the Bill.

Sri. K. Sivarama Pillai: I move that whole of Clause 9 be deleted and in its place the following Clause be substituted.—

9. (1) A member of the Board may be removed from his office by the District Court, Trivandrum, on the ground of proved misbehaviour or incapacity on an application made to that Court.

(2) Any such application may be made to the District Court, Trivandrum by the Government Pleader or a person interested.

(3) The District Court, Trivandrum, shall after such enquiry, as it deems fit, pass final orders thereon and make such orders as to costs as it deems proper.

(4) An appeal shall lie to the High Court against an order under sub-section (3).

(5) The court fee payable in respect of an application under sub-section (1) or an appeal under sub-section (4) shall be Rs. 100.

The only change which I have sought from the original clause is that the jurisdiction for disposing of petitions should be vested in the Trivandrum District Court. The Government Pleader or any person interested may move a petition in the Court. I have moved this amendment exactly for the same reason for which the Hon'ble Chief Minister opposed the amendment of Sri. R. K. Ram, that all District Courts should be given jurisdiction to hear and dispose of questions of disqualification. The Hon'ble Chief Minister stated that the head office of the Board is at Trivandrum and it will be convenient if the petition is filed in Trivandrum. The High Court is situated in Ernakulam and the Board is situated in Trivandrum. It will cause a lot of inconvenience and delay for the High Court to take evidence in such cases. It is better if the District Court is given the power to take evidence and dispose of the petition. An appeal may be provided over the decision of the District Court. This would greatly facilitate matters. I think the Hon'ble Chief Minister would accept this.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. മുമ്പ് തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിൽതന്നെ വ്യവഹാരം കൊടുക്കണമെന്നുള്ള കാര്യം ഞാൻ സമ്മതിച്ചിരിക്കുന്നസ്ഥിതിക്ക് ഈ ഭേദഗതി സ്വീകരിക്കത്തക്കതാണെന്ന് മി. ശിവരാമപിള്ള വാദിക്കുകയുണ്ടായി. എന്നാൽ ആ കാരണത്താൽതന്നെയാണ് ഹ�ൈക്കോടതിക്ക് ഈ അധികാരം കൊടുക്കണമെന്നുവച്ചിരിക്കുന്നതു്. എങ്കിലും ഒരു കോടതിക്ക് മാത്രമേ അതിനുള്ള അധികാരമുണ്ടായിരിക്കാവൂ. അല്ലെങ്കിൽ അതിലിടപെടുന്ന കക്ഷികൾക്ക് കൂടുതൽ പണച്ചെലവിനും ബുദ്ധിമുട്ടിനും കാരണമാകും. അതുകൊണ്ടു ഹൈക്കോടതിതന്നെയാണ് അതിൽ ഇടപെടുന്ന കക്ഷികൾക്ക് സൗകര്യപ്രദവും ഉപയോഗപ്രദവും.

The amendment was put and lost.

Sri. P. C. Adichan: Sir, I move: In clause 9, sub-clause (2) after the words "High Court by delete the words" the Advocate-General or and after the word 'interested' delete the words 'having obtained the consent in writing of the Advocate-General'.

LIBRARY ARCHIVES Kerala Legislative Assembly

സർ, ദേവസ്വം ഭരണം സംബന്ധിച്ച് ഒരു പരാതി കോടതിയിൽ കൊടുക്കണമെങ്കിൽ അഡ്വക്കേറ്റ് ജനറലിന്റെ അനുവാദം വേണമെന്നാണ് ഈ രണ്ടാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്. അതു മാറണമെന്നു പറയുന്നതിനുള്ള പ്രധാനകാരണം ഇതാണ്. ഞാൻ പറയുന്നതു സ്വാർത്ഥതയാണെന്നു ആരും ധരിക്കരുതു്. ഈ മാതിരി കാര്യങ്ങളിൽ ഇന്നിയുള്ള കാലത്തു് ഹിന്ദുക്കളിലെ എല്ലാ വിഭാഗക്കാർക്കും താൽപ്പര്യം ഉണ്ടായി. എന്നു വരാം. അവരുടെ താൽപ്പര്യമനുസരിച്ചുള്ള തീരുമാനം ഉണ്ടായി എന്നും വരാം. ദേവസ്വം ബോർഡിനു് പണംകൊണ്ടു സകല കാര്യങ്ങളും സാധിക്കുന്നതിനുള്ള സൗകര്യമുണ്ടു്. അതുകൊണ്ടു അഡ്വക്കേറ്റ് ജനറലിനു് കൈക്കൂലി കൊടുത്തു കാര്യം സാധിക്കുമെന്നല്ല ഞാൻ പറയുന്നതു്. ഹരിജനവിഭാഗത്തിൽപ്പെട്ട ഒരാൾക്കു് അഡ്വക്കേറ്റ് ജനറലിന്റെ അടുക്കൽപോയി എന്തെങ്കിലും കാര്യം സാധിക്കാനും നിയമപരമായി അതിനുവേണ്ട പണം ചെലവാക്കാനും സാധിക്കുകയില്ല. അവരുടെ സാമ്പത്തികസ്ഥിതി അതിനു് അനുവദിക്കുന്നില്ലെന്നു കാണുന്നതിലേക്കു എന്തെങ്കിലും ഒരാൾക്കു് കോടതിയിൽ ഹർജി കൊടുക്കുന്നതിനു യാതൊരുവിധ തടസ്സങ്ങളും ഉണ്ടായിരിക്കാത്തവിധത്തിൽ വ്യവസ്ഥചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. അതുപോലെതന്നെ അഡ്വക്കേറ്റ് ജനറൽ അനുവാദം കൊടുക്കുന്നതു നിലവിലിരിക്കുന്ന ഗവർമ്മെൻറിന്റെ ഇഷ്ടംപോലെ ആയിരിക്കുമെന്നാണു എന്റെ വിശ്വാസം. അതിനാൽ ബഹുമാനപ്പെട്ട ഗവർമ്മെൻറിൽനിന്നും ഈഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Sri. A. Thanu Pillai: I have given notice of a similar amendment, but there is an amendment before that. Both of them relate to the same clause but may be put to vote separately as they are different in substance.

I move in sub-clause (2) of Clause 9, the words 'the Advocate-General or' in line 2 may be deleted. I also move the next amendment, that the words 'having obtained the consent in writing of the Advocate-General' be omitted.

In regard to the first amendment, my point is that these Devaswoms are trusts and the persons interested in the Devaswoms are really the beneficiaries. If we take a larger view, the Hindus are interested in the management of Devaswoms and I do not see any reason why the Advocate-General should come in with a petition. I do not know why Government may get interested in a matter of this kind. There is absolutely no necessity. What is the position in regard to private trusts? If the Trustees misbehave and the management is not proper, the beneficiaries will come forward and move the Court. Here the number of beneficiaries come to lakhs and there is no reason to assume that there will not be a move from them to get the Board removed. As has already been stated here, we do not want to confuse politics and religion. If the power is given to Government to move in a matter of this kind, the Board Members will be more or less under threat whether the party in power may not take into their head to remove them at any moment. What is happening in Travancore is an indication how party Governments may act in such matters. No danger will accrue if Government are not given the power. On the contrary there is every likelihood of misuse of this power. That is the reason I have moved that the Advocate-General should not be given the right to move such petitions. The administration of the Devaswoms cannot be properly carried on if the Board has to work under constant threat of interference from Government.

Sri. T. K. Narayana Pillai: I am prepared to accept amendment No. 187 regarding the application of persons interested. Where there is a grievance, consent of the Advocate-General may not be insisted as a condition precedent to the moving of the Court. In regard to the other amendment, *i.e.*, No. 186, I am not prepared to accept it. The Advocate-General must have the right, as a representative of the Government to move in the matter. If amendment No. 187 is accepted the clause will read:

"Any such application may be made to the High Court by the Advocate-General or a person interested".

Sri. P. Balakrishnan Tampi: Sir, I wish to point that the permission of the Advocate-General is put in as a necessary safeguard for the trust of the Board itself against frivolous petitions.

Mr. Speaker: Order, order. I shall give the member a chance to speak after Mr. Thanu Pillai has finished.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: Of course, since the Hon'ble Minister is prepared to accept my second amendment, I thought I need not dwell upon it. But then another Hon'ble Member has risen in time evidently to warn the Chief Minister against accepting the amendment. I do not know why he appeared so anxious to intervene, Sir, the reason for my amendment is obvious. The Advocate-General may not after all be inclined to give his permission. The Advocate-General is an officer of Government and the Government may be interested in keeping their own Board member. It is therefore quite wrong in principle to put down that the Advocate-General's permission is necessary. Anyhow, since the Chief Minister is inclined to accept it, I need not dwell upon it. The person interested is a person who is in the habit of attending or is entitled to attend temples. In the case of Hindu charities any Hindu is entitled to attend and any Hindu from Madura or Benares is entitled to put in an objection. I am not dogmatising and I have not examined the question fully. Should any Hindu from anywhere be given the right to file an application before the High Court? If that is not the idea, the wording may be suitably modified. I have not myself given notice of any amendment, but this may be considered.

Sri. P. Balakrishnan Tampi: Sir, I wish to speak a word regarding the necessity of keeping the wording as a very humble lawyer. I do not claim to be a master of law. Such wording is found in the Civil Procedure Code just to safeguard the trust itself against frivolous and vexatious petitions. The Advocate-General is in charge of the conscience of the Government and the public. A number of persons are interested against the trust. Then by filling a petition, the trust property can be frittered away. On the other side, suppose there are one or two trustees who are unscrupulous and who want to indulge in expenditure, then they can set up two or three people for filing frivolous petitions in the courts. Therefore, in all legislations of this nature dealing with trust, it has been found necessary to provide that the Advocate-General's permission must be got. In our Civil Procedure Code, which is current in our country to-day, but it is not in certain other parts, the provision is that the previous permission of the Diwan is necessary. In the previous Code it was Advocate-General. The name of the Advocate-General is put in to safeguard the interests of the trusts. I want this House to consider that aspect of the question, not as a party measure or anything in derogation to the amendment moved by the learned member and accepted by the Chief Minister. My humble submission is that it may be taken up after taking legal opinion in the matter.

ശ്രീ. ടി. കെ. നാരായണപിള്ള: മി. ബാലകൃഷ്ണൻതമ്പിയുടെ അഭിപ്രായങ്ങൾ എപ്പോഴും ബഹുമാനിക്കത്തക്കതാണ്. എന്നാൽ ഇതിൽ അദ്ദേഹം സിവിൽ പ്രൊസീഡ്യർ കോഡിനെ സംബന്ധിച്ച് പറഞ്ഞതിനെക്കുറിച്ച് എനിക്കു പറയാനുള്ളത് ഒരു സ്കീം സൂട്ടിനെ സംബന്ധിച്ചിടത്തോളം മാത്രമേ അങ്ങിനെ ഒരു വ്യവസ്ഥയുള്ളൂ എന്നാണ്. ഈ ബില്ലിലെ വ്യവസ്ഥ ദേവസ്വം ബോർഡംഗങ്ങളെ മാറ്റുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഏതെങ്കിലും ഒരു പുതിയ സ്കീം എഴുതിയുണ്ടാക്കുന്നതിനും അതുപോലെ പ്രത്യേകമായി ചില കാര്യങ്ങൾക്കും ദിവാൻജിയുടേയോ ഗവൺമെൻറിനേറയോ അനുവാദം ആവശ്യമാണ് എന്നു സിവിൽ പ്രൊസീഡ്യുവർ കോഡിൽ വ്യവസ്ഥയുള്ളതായി ഞാൻ ഓർമ്മിക്കുന്നുണ്ട്. എന്നാൽ ദേവസ്വം ബോർഡിലെ അംഗങ്ങളെ മാറ്റുന്നതിനുള്ള അവകാശത്തെ സംബന്ധിച്ചാണിതിൽ പറഞ്ഞിട്ടുള്ളത്.

കൂടാതെ ഇതിൽ വേറെ ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ളതും ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എതെങ്കിലും കാരണത്താൽ അഡ്വക്കേറ്റ് ജനറൽ ഒരു അപേക്ഷ നിരസിക്കുകയാണെങ്കിൽ ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ച് അപേക്ഷ കൊടുക്കണമെന്നു വിചാരിക്കുന്നതായ ഒട്ടുകൂടുക്ക് സാധിക്കാതെ വരുന്നതാണ്. അതുകൊണ്ട് അതുകൂടാതെ കഴിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ഭേദഗതി സ്വീകരിക്കുവാൻ ഞാൻ നിർബ്ബന്ധിതനായതു്. ഏതെങ്കിലും അംഗങ്ങളെ മാറ്റണമെന്നു കാണിച്ച് അപേക്ഷകൾ കൊടുക്കുമ്പോൾ അഡ്വക്കേറ്റ് ജനറൽ ആ അപേക്ഷകൾ തുടർച്ചയായി അനുവദിക്കാതിരിക്കുകയാണെങ്കിൽ അതിലേക്ക് ഒരു പരിഹാരം ഇതിൽ നിർദ്ദേശിച്ചിട്ടില്ല. അങ്ങിനെയുള്ള പ്രയാസങ്ങൾ ഇടയാകുകയില്ലേ എന്ന കരുതിയാണ് ഈ ഭേദഗതി സ്വീകരിക്കുവാൻ ഇടയായിട്ടുള്ളതു്.

Sri. P. Balakrishnan Tampi: May I ask whether it is revealable whether there are any communications on this matter from the Government of India?

Sri. T. K. Narayana Pillai: There is no communication on this matter.

LIBRARY ARCHIVES Kerala Legislative Assembly

The amendment (Amendment No. 186) in the list to omit the words "Advocate-General or" in line 2 of sub-clause 2 was put and lost.

The next amendment (Amendment No. 187) to omit "having obtained the consent in writing of the Advocate-General" was accepted and the motion in respect of this was adopted.

My idea is that it is not the function of the Devaswom Boards to look after these interests of the Hindu community. These Devaswoms are primarily meant for the spiritual benefits and advancement of the Hindu community. The provision here, as it stands, goes to show, that it is one of the functions and duties of the Devaswom Board to provide for the educational uplift and cultural advancement and economic betterment of the Hindu community. Indeed the object is laudable but the question is whether it is the function of the Devaswoms to attend to these things. I am of the view that this provision is too broadly stated. Now the function of the Board is to administer Devaswoms in accordance with the recognised usages and meet the expenditure for the customary religious ceremonies out of the grant and other collections. That was all that was contemplated in the Ordinance issued before this Bill. Whatever the Board does must have something to do with religious and charitable purposes. If they spe nd substantial amcun's for the purpose of maintaining religious and charitable institutions, I cannot object to it. Whatever funds are available, after meeting the normal necessities of the Devaswom can be used for the betterment of the Harijan community, because that kind of activity will come within the scope of religious and charitable work. I do not want to press this matter to a division but I hope that the Board members will keep this in view and they will not use any sum for building colleges and high schools. It is none of their functions. It is the duty of the State to provide such things, and there should be no separatist attempt by the Hindus to promote their educational and economic interests. Nor should there be a separatist attempt by the Christians or any other community to advance their interests, educational and so on. That is likely to lead to clashes in the country. It is that tendency that is at the root of all communal disharmony in the State and that should not be encouraged. The available funds may be spent for the betterment of the backward and scheduled classes. I do not propose to move the amendment. This may be kept in view by the members of the Board when they administer matters.

Sri. T. Kochukrishna Pillai : Sir, I move that between the words 'betterment' and 'of' the words 'and solidarity' be inserted.

As a loyal Hindu I am anxious for the solidarity of Hindu community and so feel that the Board has an express duty to see to the solidarity of the Hindu community. They must chalk out a programme of activi y to achieve this end.

Sri. T. K. Narayana Pillai : I oppose it.

The amendment was put and lost.

The question that Clause 24 stand part of the Bill was put and carried.

The Clause was added to the Bill.

Sri. A. Thanu Pillai: I move the following amendments:

1. For sub-clause (1) substitute:

"The sum of fifty-one lakhs of rupees mentioned in Art. 238 (10) (ii) of the Constitution of India as payable to the Devaswom Fund".

2. In sub-clause (b) substitute 'fifty-one' for fifty and 'six' for 'five'.

Sri. T. K. Narayana Pillai : I accept the amendments.

The amendments were adopted.

The question that Clause 25, as amended, stand part of the Bill was put and carried.

The Clause was added to the Bill.

The question that Clause 26 stand part of the Bill was put and carried.

The Clause was added to the Bill.

The question that Clause 27 stand part of the Bill was put and carried.

The Clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. P. Nilakanta Pillai: I move:

In clause 28 (1) add the following proviso to sub-clause (1).

Provided Tiruppuvarams and other emoluments attached to properties shall not on the whole exceed the basic tax payable by a common land holder.

സർ, ഇതേമാതിരിയുള്ള ഒരു ഭേദഗതിയെപ്പറ്റിയാണ് ഇപ്പോൾ വാഭ്രതിവാദം നടത്തിയിട്ടുള്ളത്. പൊതുവായ നികുതിയെപ്പറ്റി പരാമർശിച്ചപ്പോൾ തിരിപ്പുവാരവും ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള മറ്റു വരവുകളുംകൂടി അതിൽ ഉൾപ്പെടുകയില്ലെന്നുള്ള വിചാരത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. ഇതിനു ഗവണ്മെണ്ടു ഭാഗത്തുനിന്നും മറുപടി പറയുമായിരിക്കും, കാഷ്ികവും ഭൂമിപരവുമായ കാര്യങ്ങളെപ്പറ്റി മൗലികമായ തത്വത്തെയൊ അടിസ്ഥാനത്തേയൊ ഇപ്പോൾ ചിന്താവിഷയമാക്കുന്നില്ല, ഇപ്പോഴത്തെ പ്രോബ്ലം അതല്ല എന്നു്. പക്ഷെ, അതേമാതിരിയുള്ള മറ്റു ചില കാര്യങ്ങളെല്ലാം ഈ ബില്ലിൽ വരുന്നുണ്ടു്. ചില ക്രിമിനൽ ലായെപ്പറ്റിയുള്ള കാര്യങ്ങളൊക്കെ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ആ നിലയ്ക്കു ഇതുകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തുന്നതിനു വിരോധമില്ലാത്തതാണു്. തിരിപ്പുവാരം ആരു വാരം തിരിച്ചു കൊടുത്തു? ആക്കാണു തിരിച്ചുകൊടുത്തതു്? എന്നുള്ളതിനെപ്പറ്റി ചിന്തിക്കേണ്ടതില്ല. ആരു വാങ്ങിയാലും തരക്കേടില്ല. ടെമ്പിളം അതോറിട്ടിയോ അതൊ ഗവണ്മെണ്ടൊ ആരെങ്കിലും വാങ്ങട്ടെ. പക്ഷെ അതു ബേസിക് ടാക്സിനേക്കാൾ കൂടുതൽ വരുന്നതു എന്നെയുള്ളൂ. ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നില്ല എന്നു വരുന്നതല്ലൊ എന്നു കരുതിയാണു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഇതു ഒരു ലഘുവായ സങ്കടംമാത്രമാണു്. ഇതിനു എതുയും എളുപ്പത്തിൽ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഗവണ്മെണ്ടിനു യാതൊരു പ്രയാസവുമില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Sri. A. Thanu Pillai: I move:

In sub-clause (4), for 'six months' the words 'one year' may be sustituted.

This is a very minor amendment. The clause empowers the Board to suspend, cancel, remove, etc. the Karanma services. In such cases, the person aggrieved is given six months' time to establish his claim, if any, by a suit. I think this period should be extended up to at least one year, as it affects immovable property. We know difficulties people experience in going to Court with a case.

Sri. T. K. Narayana Pillai: I accept the amendment.

The amendment was adopted.

Sri. C. V. Iyyu: I move:

Add the following 2nd proviso to sub-section (4) of clause 28:—

"Provided also that nothing in this Act shall adversely affect any transferee of karanma ervices or property which were alienated before this Act came into force".

സർ, വളരെകൊല്ലം ഭൂമി കൈവശമുള്ള ആളുകളായിരിക്കും ക്ഷേത്രങ്ങൾക്കു വസ്തുക്കൾ കൊടുക്കുന്നതു്. ഈ നിയമം നടപ്പിൽ വരുന്നതിനുമുൻപു് വസ്തുക്കൾ മറ്റാരുടെയെങ്കിലും കൈവശമുണ്ടായാൽ കൈവശക്കാരൻ ഇതൊന്നും അറിയാതെ കാരാൺമവസ്തുക്കൾ നഷ്ടപ്പെടുന്നതിനു ഇടവരുത്തെന്ന കരുതിയാണു ഈ നിയമം നടപ്പിൽ വരുന്നതു കൊണ്ടു കാരാണ്മസമ്പ്രദായത്തിലുള്ള വസ്തുക്കൾക്കു് ഉണ്ടാകുന്ന യാതൊരു കൈമാറ്റത്തെയും ഈ നിയമം ബാധകമാകരുതു എന്ന ഭേദഗതി ഞാൻ കൊണ്ടുവരുന്നതു്. സർ, എനിക്കു തിരുവിതാംകൂറിൽ ഒരിഞ്ചു ഭൂമിപോലുമില്ല. എന്നാൽ തിരുവിതാംകൂറിലുള്ള അനേകായിരം കർഷകരുടെയും ഇതുപോലെ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവരുടെയും നന്മയ്ക്കുവേണ്ടി ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതാണു്. ഈ നിയമം നടപ്പിൽ വരുത്തിയതിനു ശേഷം ഉണ്ടാകുന്ന കൈമാറ്റങ്ങളെപ്പറ്റി എനിക്കു ആക്ഷേപമില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇതു വളരെ ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉണ്ടാക്കുന്ന ഒരു ഭേദഗതിയാണു്. കാലഹരണനിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ ലംഘിക്കുന്ന ഒരു ഭേദഗതിയുമാണ്. ആ കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 28 stand part of the Bill was put and carried.

The Clause was added to the Bill.

The House rose at 4.30 p. m. and re-assembled at 5 p. m. with Mr. Speaker in the Chair.

Sri. A. Thanu Pillai: Sir, I move that sub-clause (5) of clause 29 be deleted. My point is that normaly every member of the service is expected to continue until his term of service according to the Rules terminates or something intervenes to terminate his service. Why should there be this provision—"Article 19 of the Covenant shall, as far as may be, apply to the Permanent members of the service in the Devaswom Department? I do not think there is any provision of that kind in regard to the members of other departments. The members of the Devaswom Department are expected to continue as they are. Their services shall be continued somehow or other. As a safeguard against retrenchment or reduction of the employees consequent unon the integration of Cochin and Travancore, a provision was put in the Covenant that all officers will have permanency of service. Now, so far as the members in the service of the Devaswom Department are concerned, where is the necessity for such a provision? There is absolutely no necessity.

Sri. T. K. Narayana Pillai: I do not think there is any objection to that provisioc. All that was intended was that their services will be continued. I have no objection in accepting the amendment.

The amendment was adopted.

The question that clause 29 stand part of the Bill was put and carried.

The clause was added to the Bill.

ശ്രീ. എ. കെ. പാച്ചുപിള്ള: ഞാൻ താഴെ പറയുന്ന ഭേദഗതി ബഹു. സഭയുടെ ശ്രീ ലയ്ക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

In Clause 30 omit the words "not" and "except" and add the following: "and the Board may utilise after consulting the wishes of the beneficiaries thereof, from out of such funds any reasonable sum for the educational uplift, cultural advancement and economic betterment of the Hindu community residing within the local limits of such Devaswoms."

സർ, ഈ ബില്ലിലെ ഒ ര-ാംവകുപ്പിൽ വിവരിക്കുന്ന ദേവസ്വങ്ങൾ ഇൻകോർപ്പറേറ്റഡ് ദേവസ്വം എന്നും ന ഠ-ാംവകുപ്പിൽ വിവരിക്കുന്നതു് പ്രൈവറ്റ് ദേവസ്വങ്ങൾ എന്നുമുള്ള അർത്ഥത്തിലാണ്. എന്നാൽ ഒ ര-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ ന ഠ-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രൈവറ്റ് ദേവസ്വങ്ങളെ സംബന്ധിച്ചും അവയുടെ സ്വത്തുക്കൾ ഹിന്ദുക്കളുടെ ഭൗതികമായ അഭിവൃദ്ധിക്കായി വിനിയോഗിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. ഇതു സംബന്ധിച്ചു് പറയുകയാണെങ്കിൽ പബ്ലിക്ക് ദേവസ്വങ്ങളെക്കാൾ കൂടുതൽ സ്വത്തുക്കൾ പ്രൈവറ്റ ദേവസ്വങ്ങൾക്കു് ഉണ്ടു്. ഉദാഹരണമായി, തലവടി, ആനപ്രാമ്പാൽ മുതലായ ദേവസ്വങ്ങളുടെ സ്വത്തുക്കൾ മതിയായ തെളിവുകളാണു്. എന്നാൽ നിലവിലിരിക്കുന്ന ഇന്നത്തെ വ്യവസ്ഥയനുസരിച്ചു് അവയുടെ ഫണ്ടു് അതുപോലെതന്നെ സൂക്ഷിച്ചുവയ്ക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ ഈ പ്രൈവറ്റ ദേവസ്വങ്ങളുടെ ആസ്തികളെല്ലാം തൊടാൻപാടില്ലാതെ ഉറഞ്ഞുകിടക്കേണ്ടിവരും. മാമൂൽ അനുസരിച്ചു് ക്ഷേത്രങ്ങളിലെ അടിയന്തിരം, പൂജ മുതലായ ചടങ്ങുകൾമാത്രം നിർവ്വഹിക്കുകയും ബാക്കിവരുന്ന വളരെയധികം മുതലുകൾ ശേഖരിച്ചു് കൂട്ടിവയ്ക്കുകയുമാണു് ചെയ്യേണ്ടിയിരിക്കുന്നതു്. ഏതു തത്വമനുസരിച്ചു് ഒ ര-ാം വകുപ്പുപ്രകാരം ഹിന്ദുക്കളുടെ സംസ്കാരപരവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിക്കു് ദേവസ്വംമുതൽ വിനിയോഗിക്കാമെന്നു പറഞ്ഞിരിക്കുന്നുവോ ആ തത്വമനുസരിച്ചുതന്നെ ന ഠ-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രൈവറ്റ ദേവസ്വങ്ങളിലെ സ്വത്തുക്കൾ അവയിലെ അടിയന്തിരം, പൂജ മുതലായവ കഴിച്ചു് ബാക്കി മുതൽക്കൂട്ടുന്ന സ്വത്തുക്കളെല്ലാം ഹൈന്ദവരുടെ അഭിവൃദ്ധിക്കുവേണ്ടി ചെലവാക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. അതിനാൽ ഈ ഭേദഗതി സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ശ്രീ. എ. കെ. പാച്ചുപിള്ളയുടെ ഭേദഗതിയെ എതിർക്കുന്നു. ഇൻകാർപ്പറേറ്റഡ് ദേവസ്വമെന്നും അൺഇൻകാർപ്പറേറ്റഡ് ദേവസ്വമെന്നും പറയുന്നതിൽ മൌലികമായ ഒരു വലിയ വ്യത്യാസമുണ്ട്. ഒന്നാമത്തേതു് വളരെക്കാലമായി മഹാരാജാവു തിരുമനസ്സിന്റെ മേൽക്കോയ്മയിൽ ഇരിക്കുന്നതും, രണ്ടാമത്തേതു് മിസ്സ് മാനെജ്മെൻറിന്റെ ഫലമായി മഹാരാജാവു തിരുമനസ്സുകൊണ്ടു് ഏറെറടുത്തു് ഭരണം നടത്തുന്നവയുമാണു്. എന്നാൽ ഈ രണ്ടാമത്തെ ഇനമായ പ്രൈവറ്റു് ദേവസ്വങ്ങളിലെ അടിയന്തിരാദികർമ്മങ്ങൾ കഴിച്ചു് ബാക്കിവരുന്ന സമ്പത്തുക്കൾ അല്ലെങ്കിൽ പണം മുഴുവനും ഹിന്ദുക്കളുടെ സംസ്കാരപരമായിട്ടോ, വിദ്യാഭ്യാസപരമായിട്ടോ ഉള്ള ആവശ്യങ്ങൾക്കു് ചെലവഴിക്കാനുള്ള അധികാരം ദേവസ്വം ബോർഡിനു് നൽകിയിട്ടില്ല. മാത്രവുമല്ല ബില്ലിൽ അങ്ങനെ ഒരു വ്യവസ്ഥ ചെയ്യുന്നതു് ബില്ലിന്റെ തത്വത്തിനുതന്നെ വിപരീതവുമാണു്. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങനെയാണെങ്കിൽ ബാക്കിവരുന്ന തുക മുഴുവനും സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കണമെന്നു് ഒരു വ്യവസ്ഥ ബില്ലിൽ കൊണ്ടുവരുകയല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും പാടില്ലെന്നാണു് എന്റെ അഭിപ്രായം.

The amendment was put and lost.

The question that Clause 30 stand part of the Bill was put and carried.

The Clause was added to the Bill.

The question that Clauses 31 and 32 stand part of the Bill was put and carried.

The Clauses were added to the Bill

Sri. Ponnara G. Sreedhar: I move the following amendment:

In Clause 33, sub-clauses (1) and (2) wherever the words "Ruler of Travancore" occurs, it shall be substituted by the word "Rajpramukh".

Mr. Speaker: This question was already discussed in another connection.

Sri. Ponnara G. Sreedhar: Was it accepted?

Mr. Speaker: It was not accepted. The House having discussed the question once, and having bestowed attention on the subject, it is not necessary to go into it again.

The amendment was ruled out.

The question that Clause 33 stand part of the Bill was put and carried.

The Clause was added to the Bill.

The question that Clauses 34 and 35 stand part of the Bill was put and carried.

The Clauses were added to the Bill.

Sri. K. Sivarama Pillai: My amendment is for the deletion of Clause 36 only of Chapter V of Part I. The subsequent amendment standing in the name of Mr. Thanu Pillai is for the deletion of the whole of Chapter V. His amendment may be taken up first.

Mr. Speaker: Mr. Thanu Pillai may move his amendment first.

Sri. A. Thanu Pillai: Sir, I move that Chapter V of Part I be deleted.

The reason for my amendment is simple. Already a large number of Devaswoms have been taken over. This Chapter V deals with the assumption of Hindu Religious Endowments that have not already been taken over. The broad question is whether there should be a provision like this piece of legislation—whether more temples and endowments should be taken over by the Board. There are religious institutions and endowments of people following religions other than Hinduism, and there is no general law for taking over the management of those institutions and endowments. No doubt, the courts in the case of trusts are invested with certain powers to see to the proper administration of those trusts. I think that in the case of Hindu Endowments that have not already been taken over by Government and which taking over has resulted in the necessity for this kind of legislation, we need not have a special law for the administration of the temples not taken over by the Board. In cases where difficulties arise, if they are referred to the courts they will decide disputes and make arrangements under the general law for the proper adminisration of trusts.

LIBRARY ARCHIVES Kerala Legislative Assembly

The time has come when we should cease to look upon these things as part of the legitimate and normal duty of the State. It was at one time thought that the proper conduct and administration of religious institutions was part of the duty of the State. According to me, we have arrived at a stage of our existence when we should cease to look upon these things as falling within the normal functions of the Government of the State. That may now be left to the owners or trustees.

Then again. normally, in the case of taking over these, there was certain safeguards. It was the Government that acted. When a religious institution was taken over, the Government intervened. Then the authority that was in charge was a high official, viz,, the Devaswom Commissioner. They were officers of high ranks and great experience, men who were highly qualified in regard to law, revenue matters and men who had administrative experience. They were men who were occupying high ranks in the public service. I do not think that a man below the rank of a Division Peishkar had ever occupied the place of the Devaswom Commissioner. All this is gone. It was on the recommendations of those officers that the Government intervened, and orders were passed for the taking over of the Devaswoms. Now, what is provided here is to give the Board that power. We dot not know how the Board is going to be constituted hereafter. It is nomination by the Ministers. One may be nominated by the Ruler. These nominations and elections will be based upon considerations that we cannot for a moment consider will be wholesome. Will it not be then ruinous the Board will act upon the recommendations of the Deva swom Commissioner who may not be a man of high rank. I do not know who the present Devaswom Commissioner is.

Sri. T. K. Narayana Pillai: He is a retired Peishkar.

Sri. A. Thanu Pillai: Yes, hereafter, it may be some superintendent in the Secretariat or an officer far below the Rank of the Peishkar who may be the Devaswom Commissioner. It may be an officer of the rank of a Tahsildar. It may be somebody appointed from outside the services, as at present. Hereafter, it may come to pass that the Commissioner appointed may be a man of no experience, in revenue or administrative matters, anybody may be the Commissioner. He may be an officer on a pay of Rs. 300 or even lower. The member of the Board may think that it is unnecessary to appoint a high-salaried officer. They get only something like Rs. 450. In that case, it may not be right to invest those officers with certain powers. I do not want to make a long speech. I think it may be inadvisible to provide for this.

Then again. where is the necessity for this? The State should not think that it is their parental duty to interfere with the working of religious institutions. Therefore, I object to the retention of this provision in Chapter V. No real case is made out. It is only the provision of the old Religious Edowment Act. They were worked out under totally different conditions; and that too with proper safeguards. All the powers of the Government will be hereafter exercised by the board and the Board will be assisted by an officer of unknown rank. Let us not bring in more trouble by taking over more and more of these institutions. Therefore, I move that Chapter V be deleted.

Sri. K. Sivarama Pillai: Sir, I second it; and move the amendment for the deletion of clause 51.

Sir, under the old Devaswom Proclamation of 1079 the Dewan was invested with power to assume management of Private Trusts. That was given to the executive head of the Government. Now, that is being transferred to a Devaswom Commissioner who is only a nominee of the Board. He can delligate the power to an Assistant Devaswom Commissioner. Now, under Regulation III of 1079, we find that the enquiry ought to be made by a person not less than the rank of a Division Peishkar. So, from one who was holding a responsible position, we have come down and now anybody can go and report. The basis on which the power is taken by the Government to assume control is clearly stated in the objects and reasons in that Regulation. There the decision is based on No. I of 1062 of the Ruling of the Court of Appeal. It is stated "We think that the Executive on being satisfied on strong grounds for its interference..... .....etc. The question is competency to assume powers. But here we should not make any distinction between endowment or public trusts created by one community or other community. Any public trust created by any section of the public, whatever may be the religion to which they belonged, if it is mismanaged, for its better management, the Executive can and must assume control. Now, so far as this Bill is concerned, a differential treatment is given to the Hindu Trust. The Honourable Chief Minister would say that they would also bring in a Bill for the other communities. That was an argument brought forward in 1097 when a High Court Judge

LIBRARY ARCHIVES Kerala Legislative Assembly

[Sri K. Sivarama Pillai]

was in the Select Committe. During his argument at the time of the Bill, he asked why the Hindu community should be separately treated. The answer was given that a Bill for others also may be brought in. No doubt, in an expediency, it is quite essential that a power should be given to the Executive. What I would suggest is ; let all these sections be deleted and let all private trusts otherwise managed by Government be brought under a Bill. Let a Bill be brought for their assumption if the trust is not properly conducted or is mismanaged. Here, you would find that it is only aimed at taking all the properties of the Hindus alone; So far as these trusts are concerned, they are essentially endowments of the Hindus. All the Rulers are Hindus and it is a Hindu State. We could find clearly that none of these Devaswom had any property endowed by the State. It was all private endowments taken over by the Government. But in regard to other trusts, the British Government and our Government have given vast areas. If those trusts are mismanaged, should we not have the power to take them over ? All these things have to be considered and a comprehensive Bill ought to be brought in.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : സർ, ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു ദേവസ്വം ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ വന്നിട്ടുള്ള ദേവസ്വങ്ങളെ ഭരിക്കുന്ന വിധത്തിൽത്തന്നെ ഹിന്ദുക്കൾക്കു ഒരഭിപ്രായമല്ല ഉള്ളതു്. ഇപ്പോൾതന്നെ ഒരു ലക്ഷം രൂപാ ദേവസ്വം ബോർഡിനും കൊടുത്തിരിക്കുന്നതു കൊടുക്കാൻ അവകാശമില്ലെന്നല്ലാം സ്റ്റേറ്റിലെ ഒരു വിഭാഗം ജനങ്ങൾ വാളിക്കുമ്പോൾ വളരെ ഭാരിച്ച സ്വത്തുക്കളുള്ള ദേവസ്വങ്ങൾ ദേവസ്വം ഡിപ്പാർട്ട്മെൻറ് കീഴടങ്ങിയശേഷം ആ ദേവസ്വങ്ങളിൽ പൂജപോലും നടക്കാതെ, ശ്രീകോവിൽ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നതായി എനിക്കു കാണിക്കാൻ സാധിക്കും ഇടയാഴത്തുമഠം, നാവായിക്കുളം മുതലായ പല ദേവസ്വങ്ങളുടേയും അവസ്ഥ അതാണു്. ഇപ്പോൾ ഭരിക്കുന്ന ദേവസ്വം ഡിപ്പാർട്ട്മെൻറ് അങ്ങനെ സംഗതികൾ കൊണ്ടുപോകുമെന്നുദ്ദേശിക്കുന്നില്ല. മൺറോ സായ്പിന്റെ കാലത്തു് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പിടിച്ചെടുത്ത സർക്കാരിന്റെ കീഴിൽ കൊണ്ടുവന്നിട്ടുള്ള ദേവസ്വങ്ങളെ സ്റ്റേറ്റിന്റെ കൺട്രോളിൽ ഭരിച്ചുകൊണ്ടിരുന്നതിൽ വലിയ കുഴപ്പമുണ്ടായില്ലെങ്കിലും ഒരു വിഭാഗം ആളുകൾക്കു് അതു തൃപ്തിയുണ്ടായിട്ടില്ല. പല ദേവസ്വങ്ങളും ഗവണ്മെണ്ടിലേക്കു വിട്ടുകൊടുക്കുന്നതിനുണ്ടായ സംഗതികളെപ്പറ്റി ചീഫ് മിനിസ്റ്റർ ഒന്നാലോചിക്കണം. ദേ സ്വങ്ങൾക്കു സ്വത്തില്ലാത്തതുകൊണ്ടോ ഭരിക്കാൻ സാധിക്കാത്തതുകൊണ്ടോ അല്ല അങ്ങനെ വിട്ടുകൊടുത്തിട്ടുള്ളതു്. എന്നാൽ അതിനുള്ള പാട്ടവും മറ്റും പിരിച്ചു് എടുത്തു പൂജനടത്താൻ സാധിക്കാതെ വന്നതുകൊണ്ടു ഗവണ്മെണ്ടു് സഹായത്തോടുകൂടി അതു നടത്താമെന്നുദ്ദേശിച്ചാണു് പ്രൈവറ്റ് ദേവസ്വങ്ങൾ വിട്ടുകൊടുക്കാൻ തയാറായിട്ടുള്ളതു്. സിവിൽ പ്രൊസീഡിയർ കോഡും, ലാൻറ് കൺസർവൻസി ആക്ടുമൊക്കെ ഇതിൽ അപ്ലൈ ചെയ്യുമെന്നാണു പറയുന്നതു്. ഇതൊക്കെ ആളുകൾ എത്ര കാലത്തോളം അഭിമുഖീകരിയോടുകൂടി നോക്കുമെന്നുള്ളതിനെപ്പറ്റിയും ഗവണ്മെണ്ടു് ചിന്തിക്കേണ്ടതാണു്.

ഈ അഗ്രേറിയൻ പ്രാബ്ലം മണിക്കൂറുതോറും വളർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൈവശം ഭൂമി വിട്ടുകൊടുക്കാതിരിക്കുന്നതിനുള്ള യത്നം നടക്കുമ്പോൾ കൂടുതൽ ദേവസ്വങ്ങൾ കൈവശപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ കൊള്ളിക്കുന്നതു വലുതായ വിപത്തിനു കളമൊരുക്കുകയാണു് ചെയ്യുന്നതു് എന്നു ഞാൻ ദൂരവീക്ഷണം ചെയ്യുകയാണു്. കൂടുതൽ ദേവസ്വങ്ങൾ കൈവശപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവണ്മെണ്ടു് ഒരുവശത്തും ഗവണ്മെണ്ടിലേക്കു് വിട്ടുകൊടുത്തിട്ടുള്ള ദേവസ്വം വസ്തുക്കൾ തിരിയെ കിട്ടണമെന്നു ആവശ്യപ്പെടുന്ന സകായ്വ്യക്തികൾ മറുവശത്തും നിന്നുകൊണ്ടു നടത്തുന്ന ഒരു വലുതായ മത്സരത്തിലാണു് ഇന്നു നാം നിലകൊള്ളുന്നതു്. ആക്രമം തടുക്കുവാൻ കഴിയാത്തതായ ഒരു വിപ്ലവത്തിന്റെ അലയടികൾ [ഇന്നു ഇവിടെ കണ്ടുവരുന്നുണ്ടു്. അങ്ങിനെയുള്ള അലയടികൾ ഈ പള്ളികളേയും ദേവസ്വങ്ങളേയും എല്ലാംതന്നെ അടിച്ചു തകർക്കുന്ന കാലം വളരെ വിദൂരമല്ല. അങ്ങിനെ ഒന്നും ഉണ്ടാകയില്ല എന്നുള്ള വിശ്വാസത്തോടെ ഭരണം നടത്തിക്കൊണ്ടുപോകാമെന്നുള്ളതു വെറും വ്യാമോഹം മാത്രമാണെന്നാണു് എനിക്കു തോന്നുന്നതു്. ഒരുപക്ഷേ ഇന്നത്തെ വ്യവസ്ഥ അനുസരിച്ചുതന്നെ ദേവസ്വം ബോർഡുണ്ടാക്കുന്നതായാൽ ഈ മാതിരി കുഴപ്പങ്ങൾ ഉണ്ടാകയില്ല എന്നു പറഞ്ഞേക്കാം. എന്നാൽ ഇതെല്ലാംതന്നെ വിദൂരമല്ലാത്ത ഭാവിയിൽ തകർന്നുപോകാൻ ഇടയായേക്കാം.

ഈ ക്ഷേത്രങ്ങളിലേക്കു് പാവങ്ങളുടെ വകയായി ഭാരിച്ച സ്വത്തുക്കൾ വിട്ടുകൊടുത്തിട്ടുണ്ടു്. എന്നാൽ ഇന്നു ആ സ്വത്തുക്കൾ ന്യായമായിട്ടോ അന്യായമായിട്ടോ തിരിച്ചെടുക്ക

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനു നിവൃത്തിയില്ലാതാണു് വന്നിരിക്കുന്നതു്. അങ്ങിനെ സ്വത്തുക്കൾ ദേവന്മാക്കു വിട്ടുകൊടുത്തിട്ടു ലാട്ടറി അടിക്കുന്നതായി ധാരാളം ആളുകൾ ഉണ്ടു്. ഇപ്പോൾ അങ്ങിനെ എഴുതിക്കൊടുത്തിട്ടുള്ളവക്കെല്ലാം അവരുടെ തെറ്റു് മനസ്സിലായി. ഇനിമേലാൽ ഒറ്റ മനുഷ്യൻ ദേവസ്വത്തിനുവേണ്ടി സ്വത്തുക്കൾ എഴുതിക്കൊടുക്കുകയില്ല. എന്നാൽ ഇന്നു ദേവസ്വം ബോർഡ് കൂടുതൽ ദേവസ്വങ്ങൾ പിടിച്ചെടുക്കാം എന്നാണു വിചാരിക്കുന്നതു്. അതത്ര നല്ലതല്ല.

സർ, ഈ ബിൽ ഇവിടെ വരുന്നതിനുമുമ്പുതന്നെ എന്റെ നിയോജകമണ്ഡലത്തിലുള്ള ഏതാനും ആളുകൾ ഇവിടെവന്നു ഒന്നുരണ്ടു ദേവസ്വങ്ങളിലേക്കു വിട്ടുകൊടുത്തിട്ടുള്ളതായ സ്വത്തുക്കൾ തിരിയെ കിട്ടുന്നതിനു ഒന്നു ശ്രമിക്കണമെന്നും എന്നോടു പറഞ്ഞു. ഞാൻ അവരോടു പറഞ്ഞതു് എന്നെക്കൊണ്ടു് സാധിക്കയില്ല നിങ്ങൾതന്നെ പോയ് ശ്രമിക്കണമെന്നാണു്. അതായതു് ഈ എടയാണത്തുമഠം, നാവായിക്കുളം മുതലായ ദേവസ്വങ്ങളിൽ ധാരാളം സ്വത്തുക്കൾ ഉണ്ടു്. അതു വിട്ടുകിട്ടുന്നതിലേക്കാണു്. ഇന്നു ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചു് ദേവസ്വം ട്രസ്റ്റികളുടെ മിസ്സ്മാനേജുമെന്റുകൊണ്ടോ കഴിവില്ലായ്മകൊണ്ടോ അവരുടെ അപേക്ഷപ്രകാരം ദേവസ്വം ബോർഡിനു് ഇൻടർവീൻ ചെയ്യാമെന്നാണു്. അതു ചില പ്രത്യേക ഉദ്ദേശങ്ങളോടുകൂടി ഈ പ്രൊവിഷൻ ദേവസ്വങ്ങൾ കൂടുതലായി കൈവശപ്പെടുത്തുന്നതിനുള്ള അവകാശം സ്ഥാപിക്കുന്നതിനുവേണ്ടിയാണു്. എന്തായാലും എനിക്കു പറയാനുള്ളതു് ഇന്നത്തെ സ്ഥിതിഗതികൾ സൂക്ഷ്മമായി വീക്ഷിച്ചതിനുശേഷം സകല സംഗതികളും ആലോചിച്ചു് ഈ രാജ്യത്തെ ജനങ്ങളുടെ സ്വത്തുക്കൾ അപഹരിച്ചെടുക്കുന്നതിനു പ്രധാനമന്ത്രിയും കൂട്ടരുംകൂടി മാർഗ്ഗം ഉണ്ടാക്കിവെക്കരുതെന്നാണു്.

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ഭേദഗതികളേയും ഞാൻ എതിർക്കുകയാണു് ചെയ്യുന്നതു്. ദേവസ്വങ്ങൾ ഇൻകാർപറേറഡ് എന്നും അൺഇൻകാർപറേറഡ് എന്നും രണ്ടു തരത്തിലാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്. അവയുടെ മാനേജുമെൻറിനെ സംബന്ധിച്ചും പരിശോധനയെ സംബന്ധിച്ചും മഠം മുമ്പു എക്സിക്യൂട്ടീവ് അധികാരിയിലും മഹാരാജാവിലും നിക്ഷിപ്തമായിരുന്ന അധികാരങ്ങളെല്ലാം ഇന്നു ദേവസ്വം ബോർഡിലേയ്ക്കു കൊടുത്തുകൊണ്ടാണു് ഈ ബില്ലു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പ്രൊവിഷൻ ദേവസ്വങ്ങളിൽ പലതും പല ക്രമക്കേടുകളോടുകൂടി നടത്തിവരുന്നതെന്നാണു് എനിക്കു അറിയാൻ ഇടയായിട്ടുള്ളതു്. പല ദേവസ്വങ്ങളിലും കണക്കുകൾ സൂക്ഷിക്കുന്നില്ല. അവയിൽനിന്നും ലഭിക്കുന്ന ആദായങ്ങളുടെ വമ്പിച്ച ഭാഗങ്ങൾ അവയുടെ ട്രസ്റ്റികൾ അപഹരിച്ചുവരുന്നതായിട്ടാണു് ഇപ്പോഴത്തെ ദേവസ്വം ബോർഡംഗങ്ങളിൽനിന്നുതന്നെ അറിയാൻ ഇടയായിട്ടുള്ളതു്. ചില വ്യക്തികൾ സ്വാർത്ഥലാഭത്തിനുവേണ്ടി ഈ ദേവസ്വം സ്വത്തുക്കൾ വിനിയോഗിച്ചുവരുന്നതായി ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിവുള്ളതാണു്. അങ്ങിനെയുള്ള ദുർഭരണങ്ങൾ ഇല്ലായ്മചെയ്യുന്നതിനും ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ആവശ്യമുള്ള ചില പ്രത്യേക ഘട്ടങ്ങളിൽ ചില പ്രത്യേക അധികാരങ്ങൾ ഉപയോഗിക്കുന്നതിനു മാത്രമാണു് ബില്ലിൽ ഈ വ്യവസ്ഥകൂടി ചേർത്തിരിക്കുന്നതു്. ഏതെല്ലാം അവസരങ്ങളിലാണു് ഈ ബോർഡ് മാനേജുമെൻറ് ഏറ്റെടുക്കേണ്ടതെന്നു ചാപ്റ്റർ അഞ്ചിൽ പറഞ്ഞിട്ടുണ്ടു്. അവയിൽ പ്രധാനമായിട്ടുള്ളതു്. മുപ്പത്തി ഏഴാ വകുപ്പു് (എ) മുതൽ (ഇ) വരെ ഉള്ള ഉപവകുപ്പുകളാണു്. ആ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നമാതിരിയുള്ള സ്ഥിതിഗതികൾ ഉളവാകുകയാണെങ്കിൽ മാത്രമെ ദേവസ്വം ബോർഡിനു് മാനേജുമെൻറ് ഏറ്റെടുക്കുന്നതിനധികാരമുണ്ടായിരിക്കയുള്ളു.

(*a*) "On application and the request by a majority consisting of not less than two thirds of the trustees, or of the donors in cases where the deners have reserved to themselves the power of appointing and dismissing trustees."

(*b*) "On the refusal of the trustees to continue in the trusteeship or on their own admission of incapacity to continue in the trust management."

അങ്ങനെയുള്ള കാര്യങ്ങളിൽ തീർച്ചയായും ദേവസ്വം ട്രസ്റ്റികളിൽ മൂന്നിൽ രണ്ടുഭാഗം അംഗങ്ങളുടെ അപേക്ഷപ്രകാരം ദേവസ്വം ബോർഡിനു് മാനേജുമെൻറ് ഏറ്റെടുക്കാമെന്നാണു പറയുന്നതു്. (സി) യും (ഡി) യും ഉപവകുപ്പുകളിൽ പറയുന്നതു് കുടർ ആക്ട് ട്രാവൻകൂറിനുണ്ടായിരുന്നതായ അധികാരങ്ങളുംകൂടി ഇവക്കു് ഉപയോഗിക്കാവുന്നതാണെന്നാണു്.

(*e*) "In case of proved mismanagement although the institutions do not fall under clause (c) or clause (d) of this sub-section."

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

പ്രൈവറ്റ് ദേവസ്വങ്ങളിൽ മിസ്മാനേജ്മെൻറുണ്ടെന്നു് ബോദ്ധ്യപ്പെട്ടാൽ മാത്രമെ ദേവസ്വം ബോർഡിനു് മാനേജ്മെൻറു് ഏറ്റെടുക്കാൻ സാധിക്കയുള്ളൂ! അതിനെ സംബന്ധിച്ചു ചില നടപടിക്രമങ്ങളും ഈ ബില്ലിൽ പറഞ്ഞിട്ടുണ്ടു്. അതായതു ദേവസ്വം കമ്മീഷണരുടെ റിപ്പോർട്ടിനെ ആസ്പദമാക്കി ദേവസ്വം ബോർഡിനു് ഇതേസംബന്ധിച്ചു തീരുമാനം ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കും. അങ്ങിനെ ദേവസ്വം ബോർഡ് ഉത്തരവു പാസ്സാക്കിയാൽതന്നെ അതേസംബന്ധിച്ചും ഈ ട്രസ്റ്റികൾക്കു വ്യവഹാരപ്പെടുന്നതിനവകാശമുണ്ടു്. അതുകൊണ്ടു് ഒരു വ്യക്തിയുടെ, അല്ലെങ്കിൽ ട്രസ്റ്റിയുടെ അവകാശത്തെ അപഹരിച്ചെടുക്കാൻ ഒരിക്കലും ഇടയാകുന്നതല്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇവിടെ ഉന്നയിച്ചതായ വാദങ്ങളിൽ ഒന്നുനോട്ടെ ഞാനും യോജിക്കുന്നു. അതായതു ക്ഷേത്രങ്ങൾ നിലനില്ക്കണമൊ അതോ ക്ഷേത്രങ്ങൾ എല്ലാംതന്നെ തട്ടിത്തകർത്തു് എല്ലാവക്കും വീതിക്കണമൊ എന്നു ചോദിക്കുന്നപക്ഷം ഒരു പക്ഷെ ഒരുകൂട്ടർ ആദർശപരമായി രണ്ടാമതു പറഞ്ഞ സംഗതിയോടു യോജിച്ചു എന്നു വരാം. എന്നാൽ ഈ സംഗതികളെയെല്ലാം ശരിയായി വീക്ഷിച്ചതിനുശേഷം കാര്യക്ഷമമായ പ്രവർത്തനത്തിനു ഈ വ്യവസ്ഥകൾ ആവശ്യമാണെന്നു ബോദ്ധ്യമായതുകൊണ്ടു മാത്രമാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. യാതൊരുവിധമായ ചൂഷണവും ഉണ്ടാകാതെയിരിക്കുന്നതിനു ഈ ചാപ്റ്ററിൽ പറഞ്ഞിരിക്കുന്നതായ വ്യവസ്ഥകൾ എല്ലാം ആവശ്യമായതുകൊണ്ടു ഈ ഭേദഗതികളെ എല്ലാം ഞാൻ എതിർക്കുന്നു.

Sri. K. Sivarama Pillai: Why is such partiality shown for a certain section of the public trusts? Why not all public trusts be considered together?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഹിന്ദു റിലിജിയസ് ഇൻസ്റ്റിട്ടൂഷൻ ട്രസ്റ്റിനെ സംബന്ധിച്ചുമാത്രമെ ഇപ്പോൾ ചർച്ച് ചെയ്യുന്നുള്ളൂ. അതുകൊണ്ടു അവയെ സംബന്ധിച്ചു മാത്രമെ ഇപ്പോൾ വ്യവസ്ഥ ചെയ്യുന്നുള്ളൂ.

Sri. K. Sivarama Pillai: Does the Government propose to introduce similar legislati on in regard to other religious endowment also?

Sri. T. K. Narayana Pillai: If and when occasion arises, Government will very seriously think of it.

The amendments were put and lost.

Clause 45

Sri. C. V. Iyyu: I have got an amendment to clause 45. My amendment is for the deletion of part of that Section. That is to delete the words after the word 'court', *i. e.* delete the words the rents and other dues of any Hindu Religious Endowment may be collected as arrears of public revenue under the provisions of the Revenue Recovery Act for the time being in force' after the word 'court'.

സർ, ഞാൻ ഈ ഭേദഗതികൊണ്ടു് വിവക്ഷിക്കുന്നതു് ഇതുവരെ ഹിന്ദു ദേവസ്വങ്ങളിലേക്കു് ചെല്ലേണ്ടതായ പാട്ടം, മിച്ചവാരം, ആദായം മുതലായ ഇനങ്ങൾ പിരിച്ചുവരുന്നതു് ദേവസ്വം അധികാരികൾതന്നെയായിരുന്നു. അതിനു് പ്രത്യേക വ്യവസ്ഥകളും ഉണ്ടായിരുന്നു. എന്നാൽ ഏതെങ്കിലും കാരണവശാൽ ഗവൺമെണ്ടിലേക്കു് ചെല്ലേണ്ടതായ തുകകൾ വല്ലതുമുണ്ടെങ്കിൽ അതുമാത്രം റവന്യു റിക്കവറി ആക്ടു് മൂലം ഗവൺമെണ്ടു് നേരിട്ടു പിരിച്ചുവരികയാണു്. പതിവുണ്ടായിരുന്നതു്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചു ദേവസ്വം സ്വത്തുക്കളിൽനിന്നും ദേവസ്വത്തിലേക്കു് ചെല്ലേണ്ടതായ തുകകൾ അതായതു പ്രൈവറ്റ് ദേവസ്വങ്ങളുടെ വകയായിട്ടുള്ളതും ദേവസ്വം ബോർഡിൽനിന്നും റെവന്യു റിക്കവറി ആക്ടിൻപ്രകാരം പിരിക്കാമെന്നാണു് വച്ചിരിക്കുന്നതു്. അതു് സാധുക്കളായ കുടിയാന്മാർക്കു് വളരെ കഷ്ടപ്പാടുകൾ ഉണ്ടാക്കുന്നതാണു്. അതുകൊണ്ടു് ഈ ഭാഗം ഇതിൽനിന്നു എടുത്തു കളയണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ റവന്യു റിക്കവറി ആക്ടനുസരിച്ചു ചില പ്രത്യേക സ്ഥിതിഗതികളിൽ മാത്രമാണു് ദേവസ്വം ബോർഡിനു് ഇങ്ങനെ നടപടി നടത്തുന്നതിനു് അവകാശം ലബ്ധമാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

"In cases where the rent roll is settled and the liability of each tenant is definitely recorded after due enquiry, or where there are written agreements between the institution or endowment and the tenants fixing the amount of rent and other dues or the claim to the rent or other dues is admitted by the tenant or established by the decision of a competent civil court"

അപ്പോൾ ഈ മാതിരി വ്യവസ്ഥകൾ ബാധകമാകുന്നില്ല. ഇങ്ങനെ റെവന്യൂ റെക്കവറി അനുസരിച്ചു് നടപടി നടത്തി ഈടാക്കേണ്ടതായി വളരെ കുറച്ചു കേസ്സുകൾ മാത്രമേ വരുന്നതിനിടയുള്ളൂ. അങ്ങനെ വരുന്നപക്ഷം ഏതെങ്കിലും കടിശ്ശിക ഈടാക്കുന്നതിനുണ്ടെങ്കിൽ അതു് ഈടാക്കുന്നതിനുവേണ്ടിയാണു് ഈ അവകാശം ദേവസ്വം ബോർഡിലേക്കു് കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു തിച്ചയായും ഈ വ്യവസ്ഥ ദേവസ്വം ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു് അത്യാവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്.

The amendment was put and lost.

The question that clauses 36 to 54 stand part of the Bill was put and carried.

The clauses were added to the Bill.

Sri. K. Sivarama Pillai: Sir, so far as clause 51 is concerned, when Mr. A. K. Pachu Pillai moved an amendment for clause 30 which says that so far as the unincorporated Devaswoms are concerned, any surplus funds of such Devaswoms shall be kept distinct and separate as before and shall not be utilised except for the purposes of those Devaswoms, the Hon'ble Chief Minister opposed it. If that be so, in regard to the few Devaswoms which are to be got under the management of the Devaswom Board, why the power is given to the Devaswom Commissioner to divert the funds in any way he pleases. It is therefore that I move this amendment.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഭേദഗതി സ്വീകരിച്ചാൽ ധർമ്മസ്ഥാപനകർത്താക്കളുടെ ഉദ്ദേശത്തിനതന്നെ എതിരായിരിക്കും. അതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

The amendment was put and lost.

The question that clause 51 stand part of the Bill was put and carried.

The clause was added to the Bill.

The question that clauses 52, 53 and 54 stand part of the Bill was put and carried.

The clauses were added to the Bill.

Sri. A. K. Patchu Pillai: I move:

In clause 55(1) after "action" add the following words: "the nature and a brief description of the documents, if any, on which the claim is sought to be enforced".

സർ, ഈ ബില്ലിലെ 55-ാം വകുപ്പനുസരിച്ചു് ദേവസ്വങ്ങളുടെ പേരിലോ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പേരിലോ അല്ലെങ്കിൽ ദേവസ്വം ബോർഡിന്റെ പേരിലോ ഒരു സിവിൽ കേസു് കൊടുക്കുമ്പോൾ ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകരിക്കുന്നപക്ഷം കാര്യക്ഷമമായ വിധത്തിൽ കേസു് അവസാനിപ്പിക്കുവാൻ സാധിക്കുന്നതാണു്. അതായതു്, ഗവണ്മെന്റിനെ പ്രതിയാക്കി ഒരു സിവിൽ കേസു് ഫയലാക്കിയാൽ അന്യായത്തിന്റെ ഒരു ഏകദേശപ്രതിതന്നെ ഗവണ്മെന്റിന്റെ പേക്കു് നോട്ടീസു് അയക്കേണ്ടതാണെന്നു കാണുവാൻ കഴിയും. ഏകദേശം അതെ ഉദ്ദേശത്തോടുകൂടി ഒരു പൊതുസ്ഥാപനമായിരിക്കുന്ന ദേവസ്വം ബോർഡിന്റെ പേരിൽ കേസു് കൊടുക്കുമ്പോൾ ആ കേസിന്റെ പൂർണ്ണ വിവരങ്ങളും അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു് ബോർഡിനു് കൊടുത്തിരിക്കണമെന്നാണു് ഇവിടെ വ്യവസ്ഥചെയ്തിരിക്കുന്നതു്. അതു് കുറെകൂടി പൂർത്തിയാക്കുവാൻ വേണ്ടിയും കാര്യക്ഷമമായ വിധത്തിൽ കേസു് നടത്തുവാൻ വേണ്ടിയും, അഥവാ കേസു് കൂടാതെതന്നെ കോടതിക്കു വെളിയിൽവച്ചു് രാജിയാക്കത്തക്കവിധത്തിൽ ഈ ഒരു വ്യവസ്ഥകൂടി ചേർക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. അതായതു്, ഏതൊരടിസ്ഥാനത്തിൽ നാം കേസു് കൊടുക്കുന്നുവോ അതു് സംബന്ധിച്ചുള്ള പ്രമാണത്തിന്റെ ഒരു സംക്ഷിപ്ത വിവരണംകൂടി നോട്ടീസിൽ അടങ്ങിയിരിക്കണമെന്നാണു് എന്റെ ഭേദഗതി. അങ്ങനെ ചെയ്യുന്നപക്ഷം കാലതാമസം ക

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

ടാതെ കേസ് കോടതി മുഖാന്തരമല്ലാതെ രാജിയാക്കുവാനും സാധിക്കുന്നതാണ്. കൂടാതെ ഒരു ഫ്രൈവറ്റ് പാർട്ടിയെപ്പോലെ പ്രമാണനേഷിച്ച് പോകുവാൻ ദേവസ്വം ബോർഡിന് സാദ്ധ്യമല്ല. മാത്രവുമല്ല അതു് ഏതു വിധത്തിലുള്ള പ്രമാണത്തെ അസ്സലാക്കിയാണെന്ന വ്യക്തമാക്കാതിരുന്നാൽ അതു തിരക്കി പിടിക്കുന്നതിനും വിഷമവും കാലതാമസവും നേരിടുന്നതാണ്. ഉദാഹരണമായി ഇതുമാതിരിയുള്ള ഒരു കേസിനെപ്പറ്റി പറയാം. ഒരിക്കൽ ഒരു ദേവസ്വത്തിന്റെ പേരിൽ ഒരു കേസുണ്ടായി. ഗ്രന്ഥക്ഷിണദാന പ്രമാണമനുസരിച്ചു ഒരു കുടുംബത്തിനു് കിട്ടിയ വസ്തുവിനെ സംബന്ധിച്ചുായിരുന്ന കേസു്. എന്നാൽ എന്നുണ്ടാക്കിയ ഒരു പ്രമാണമായിരുന്ന അതെന്ന വ്യക്തമായറിവാൻ നിവൃത്തിയില്ലായിരുന്നു. ഫസ്റ്റ് വർഷം അതുസംബന്ധിച്ചു കേസു് തുടർന്നു നടത്തി. അതിന്റെ ശേഷം ഹജൂരാഫീസിൽനിന്നു കിട്ടിയ ഒരു പഴയ പ്രമാണത്തിന്റെ പകർപ്പു് ഹാജരാക്കി. ഫസ്റ്റ് വർഷം തുടർന്നു കേസു് നടത്തി വളരെ പണം ചെലവാക്കിയതിന്റെ ശേഷമാണു അതു് ഒരു കള്ളപ്രമാണമായിരുന്നുവെന്നും അതുകൊണ്ടു് അതു വിശ്വസിക്കത്തക്കതല്ലെന്നും കണ്ടു പിടിക്കുവാൻ സാധിച്ചതു്. ഇങ്ങനെയുള്ള വിഷമം പിടിച്ച കേസുകൾ ഉണ്ടാകാതിരിക്കുവാൻവേണ്ടി ഒരു രക്ഷാവ്യവസ്ഥയെന്ന നിലയിൽ നോട്ടീസിൽ പ്രമാണത്തിന്റെ സ്വഭാവംകൂടി ചേർക്കണമെന്നുള്ള ഭേദഗതി സഭ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സിവിൽ പ്രൊസീഡിയർ കോഡിൽ ഗവൺമെണ്ടിനെ പ്രതിയാക്കി കേസ്സുകൊടുക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഭാഷതന്നെയാണ് ഇതിലും ഉപയോഗിച്ചിരിക്കുന്നതു്. ഗവൺമെണ്ടിന്റെ പേരിൽ അന്യായം കൊടുക്കുന്നതിനു് നോട്ടീസ്സു് അയയ്ക്കണമെന്നു വ്യവസ്ഥയുണ്ടു്. അതിൽ ഇന്നയിന്ന വിവരങ്ങൾ അടങ്ങിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ശ്രീമാൻ പാപ്പുപിള്ള അവർകൾ പറയുന്നതു് അതുപോലെ പ്രമാണത്തിന്റെ ഉള്ളടക്കംകൂടി ചേർക്കണമെന്നാണ്. അതു് കൂടാവശ്യമില്ലാത്തതാണു്, അനാവശ്യവുമാണു്. അതിനാൽ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clause 55 stand part of the Bill was put and carried.

The clause was added to the Bill.

The question that clause 56 stand part of the Bill was put and carried.

The clause was added to the Bill.

Clause 57

Sri. K. N. Sankunni Pillai: I move. The clause 57, delete the words "which have arisen till the date of commencement of this Act".

സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ 57-ാം വകുപ്പു് ഓർഡിനൻസിലെ 54-ാം വകുപ്പിന്റെ ഒരു പരിഷ്കരിച്ച പതിപ്പാണു്. അഞ്ചാറു വാക്കുകൾ മാത്രമെ കൂട്ടിച്ചേർത്തിട്ടുള്ളുവെങ്കിലും അതിന്റെ ഫലങ്ങൾ, നാഴിപാലിൽ ഒരു തുള്ളി വിഷം ചേർത്താലെന്നതുപോലെ വളരെ അപകടകരമാണു്. ഇതുപോലെയുള്ള പല വകുപ്പുകളിലും ഇതുപോലെയുള്ള പ്രയോഗങ്ങൾ നടത്തിയിട്ടുണ്ടു്. അതിനുദാഹരണമായി സെലക്ട് കമ്മിറ്റി റിപ്പോർട്ടിനു വിപരീതമായി ശ്രീമാൻ രാമകൃഷ്ണപിള്ള അവർകൾ ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചു് പാസ്സാക്കിയെടുക്കുകയുണ്ടായി. അതിനു പല വാദമുഖങ്ങൾ പറയുവാനുണ്ടെങ്കിലും ഒന്നിനുംതന്നെ പ്രധാനമന്ത്രി ശരിയായി മറുപടി പറയുന്ന ലക്ഷണം ഞാൻ ഇതുവരെ കണ്ടില്ല. എന്റെ വാദം ഒരുപക്ഷെ ശരിയായിരിക്കാം, അല്ലെങ്കിൽ തെറ്റായിരിക്കാം, അതു് ഒന്നുകിൽ സ്വീകാര്യമായിരിക്കാം, അല്ലെങ്കിൽ അസ്വീകാര്യമായിരിക്കാം. എന്തായാലും അവസ്സാനം ഉത്തരം പറയേണ്ട ചുമതല പ്രധാനമന്ത്രിക്കുണ്ടെന്നാണ് എന്റെ ബോദ്ധ്യം. അതുകൊണ്ടു് വാദമുഖങ്ങൾ പലതുണ്ടെങ്കിലും ഒരു സംഗതിമാത്രം ഇവിടെ പറയാമെന്നുദ്ദേശിക്കുന്നു. ശ്രീമാൻ കൊച്ചീക്കൽ ബാലകൃഷ്ണൻതമ്പി അവർകൾ മുമ്പു് ഒരു കേസ്സിനെപ്പറ്റി വാദിച്ചപ്പോൾ ഒരു വാദം ഉന്നയിക്കുകയുണ്ടായി. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ഒരു സിമന്തേരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കേസ്സ് അദ്ദേഹത്തിന്റെ കൈയ്യിൽ കിട്ടി. ആ കേസ്സ് കൊല്ലം പേഷ്കാർ തള്ളിയപ്പോൾ ശ്രീമാൻ തമ്പിയവർകൾ അതു സംബന്ധിച്ച് ഒരു അപ്പീൽ സർ സി. പി.യുടെ അടുക്കൽ ബോധിപ്പിച്ചു. അദ്ദേഹം വളരെ വലിയ വാദമുഖങ്ങളെല്ലാം ഉന്നയിച്ചു. പക്ഷെ സർ സി. പി.യുടെ മനോഭാവം മാറ്റുന്നതായി കണ്ടില്ല. വക്കീൽഫീസ്സ് വാങ്ങിച്ചുപോകയും ചെയ്തു. കാര്യം കഴപ്പുവുമായി. അതിൽനിന്നും രക്ഷപ്പെടുവാൻ മറ്റു മാർഗ്ഗമില്ലാതെ വന്നപ്പോൾ അദ്ദേഹം ഒരു പുതിയ വാദം കൊണ്ടുവന്നു. അദ്ദേഹം ഈ സന്ദർഭത്തിൽ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഇതു കൊറോബൊറേറ ചെയ്യുമായിരുന്നു. അദ്ദേഹം സർ സി. പി.യോട് ഇപ്രകാരം പ്രസ്താവിച്ചു."

"Respected Swamiji, I can understand your hatred against Christians and I appreciate it. I am even one with you in your attempt to annihilate them, but let them have burial ground for their corpses. Let them die in peace and have their burial places."

എന്നു പറഞ്ഞതുപോലെ ഞാൻ പ്രധാനമന്ത്രിയോട് പറയുന്നു മന്ദംശങ്കർമാരെ ഖണ്ഡം ഖണ്ഡമായി നുറുക്കിക്കൊള്ളുക, ഞങ്ങളുടെ ദേവസ്വങ്ങളുടേയും ദേവന്മാരുടേയും മേൽ കൈവെക്കയരുതു്. മന്ദംശങ്കർമാരോടുള്ള വിരോധംകൊണ്ടാണല്ലോ ഇതെല്ലാം ചെയ്യുന്നതു്. ഞങ്ങളുടെ ദേവസ്വങ്ങളേയും ദേവന്മാരെയും നശിപ്പിക്കരുതു്. ഇതു വെറും നിസ്സാരമായ ഒരു കാര്യമാണെന്നു കരുതി പ്രവർത്തിക്കരുതു്. ശ്രീമാൻ ബാലകൃഷ്ണൻ തമ്പിയവർകളുടെ വാദം ഞാൻ വീണ്ടും ആവർത്തിക്കുന്നു. ഇതിനു ശരിയായ മറുപടി പറയണമെന്നു ഞാൻ ചീഫ് മിനിസ്റ്ററോടു് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. ശങ്കർ: സർ, ഞാൻ ശ്രീമാൻ ശങ്കുണ്ണിപ്പിള്ള പറഞ്ഞ വാദമുഖങ്ങളല്ല ഉന്നയിക്കുന്നതു്. ഇതെപ്പറ്റി മറ്റൊരു സംഗതി പറയണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്. ഇതുകൊണ്ടു് ഈ സെക്ഷനിൽ സാരമായ മാറ്റം വരുന്നുണ്ടെന്നു കാണാവുന്നതാണു്. ഇതിനു മുമ്പുണ്ടായിരുന്ന രണ്ടു് ആർഡിനൻസുകളിലും ഇല്ലാത്തതാണു് ഇപ്പോൾ എടുത്തു കളയണമെന്നു ഞാനാവശ്യപ്പെടുന്നതു്. "Which have arisen till the date of commencement of this Act" എന്നുള്ളതു് ഇതോടുകൂടി ചേർക്കുന്നപക്ഷം ഈ ആക്ടു് പ്രയോഗത്തിൽ വരുന്നതിനു മേലെടുക്കുന്ന ദേവസ്വങ്ങളെ സംബന്ധിച്ചു് ഈ സെഗ്രജനും ബാധിക്കുന്നതല്ല. എന്നാൽ ഇന്നലെവരെ എടുത്തിട്ടുള്ള ദേവസ്വങ്ങൾക്കു് ഈ സെഗ്രജനും ബാധിക്കുന്നതുമാണു്. ദേവസ്വങ്ങൾ മിസ്മാനേജ് ചെയ്യപ്പെടാൻ ഇടയാക്കാതെ അവയെ സൂക്ഷിക്കേണ്ട കർത്തവ്യം റവന്യൂ റിക്കവറി ആക്ടനുസരിച്ചു് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു്, അഥവാ സർക്കാരിനാണുള്ളതു്. അവർ ആ ചുമതല വേണ്ടവണ്ണം ഉപയോഗിക്കാത്തതുകൊണ്ടു് ആണു് ഇപ്പോഴും മിസ്മാനേജ്മെൻറുള്ള ക്ഷേത്രങ്ങൾ വളരെയുള്ളതു്. മിസ്മാനേജ്മെൻറ് അധികവും വരുന്നതു് വസ്തുക്കൾ അനധികൃതമായി ട്രസ്റ്റികൾ അന്യർക്കു് കൈമാറ്റം ചെയ്യുന്നതുകൊണ്ടാണു്. അറിഞ്ഞോ അറിയാതെയൊ ആളുകൾ ആ മാതിരി വസ്തുക്കൾ വാങ്ങിയെന്നുവരാം. എങ്കിലും ട്രസ്റ്റികളിൽനിന്നും വസ്തുക്കൾ അധികവും വാങ്ങുന്നതു് അറിഞ്ഞുകൊണ്ടുതന്നെയാണു്. മാത്രവുമല്ല, തക്ക പ്രതിഫലം കൊടുക്കാതെയുമായിരിക്കും വാങ്ങുന്നതു്. ഇങ്ങനെ മിസ്മാനേജ്മെൻറ് ഉണ്ടായിട്ടുള്ള ക്ഷേത്രങ്ങൾ ഇതുവരെ എടുക്കുവാൻ ഇടയായിട്ടില്ലെങ്കിൽ അതിന്റെ ഉത്തരവാദികൾ സത്യത്തിൽ, അതിന്റെ ബനിഫിഷ്യറിസല്ല, അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരാണു്, അതായതു് സർക്കാരാണു്. സർക്കാരിന്റെ കൃത്യവിലോപംകൊണ്ടാണു് ആ ക്ഷേത്രങ്ങൾ അങ്ങിനെ കിടക്കുന്നതു്. അതുകൊണ്ടു് അതിന്റെ ബനിഫിഷ്യറിസിനോടുള്ള ഗവർമ്മെണ്ടിന്റെ കർത്തവ്യം നിർവ്വഹിക്കുന്നതിനുള്ള ചുമതല ഇപ്പോൾ ഈ ബോർഡിനെ ഏല്പിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഇതുവരെ എടുത്തിട്ടുള്ള ക്ഷേത്രങ്ങളെന്നും ഇനി എടുക്കുവാനുള്ള ക്ഷേത്രങ്ങളെന്നും ഒരു വ്യത്യാസം കല്പിക്കുന്നതു് ശരിയല്ല. ഇതിനു മുമ്പുള്ള രണ്ടു് ഓർഡിനൻസുകളിലും ഇല്ലാതിരിക്കുന്നതും ബോർഡിനു ദോഷം ചെയ്യുന്നതുമായ ഇത്രയും ഭാഗം ഈ ക്ലോസിൽനിന്നും ഒഴിവാക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ശ്രീമാൻ ശങ്കുണ്ണിപ്പിള്ള അവർകളുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ വകുപ്പിൽ ദേവസ്വം സ്വത്തുക്കളെ സംബന്ധിച്ചുള്ള വ്യവഹാരകാര്യങ്ങൾ രണ്ടായി തരം തിരിക്കപ്പെട്ടിട്ടുള്ളതായി കാണാം. അതായതു്, ഈ നിയമം പാസ്സാകുന്നതുവരെയുള്ളതെന്നും അതിനു ശേഷമുള്ളവയെന്നും രണ്ടായി തരം തിരിക്കപ്പെട്ടിരിക്കുന്നു. ഈ നിയമം പാസ്സാകുന്നതുവരെയുള്ള കാലഹരണ നിയമം സർക്കാരി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Kalathil Velayudhan Nair]

നെ എങ്ങിനെ ബാധിക്കുമോ അതുപോലെ ഈ നിയമം പാസ്സായതിനുശേഷമുള്ള വ്യവഹാരകാലഹരണനിയമം ദേവസ്വം ബോർഡിനേയും ബാധിക്കുന്നതാണ്". എന്നാൽ ഗവണ്മെണ്ടിനു ഇക്കാര്യത്തിലുണ്ടായിരുന്ന സൌജന്യം ബോർഡിനു അനുവദിക്കുന്നില്ലെന്നാണ് 8(1)–ാം വകുപ്പിൽ പറയുന്നതു". ശ്രീമാൻ ആർ. ശങ്കർ പ്രസ്താവിച്ചതുപോലെ മുമ്പുണ്ടായിരുന്ന രണ്ടു ആർഡിനൻസുകളിലും ഈ സഭയിൽ ആദ്യം അവതരിപ്പിച്ച ബില്ലിലും ഇപ്രകാരം ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. കാലഹരണനിയമത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വം നോക്കിയാൽ ഈ ബിൽ പാസ്സാക്കിയതിന്റെ ശേഷമുള്ള വസ്തുക്കളും അതിനു മുമ്പുള്ള വസ്തുക്കളുമെന്ന തരം തിരിക്കുന്നതു തെറ്റാണെന്നു കാണാവുന്നതാണ്". കാലഹരണം സംബന്ധിച്ചു ഒരു വ്യക്തിക്കു ഉണ്ടായിരിക്കേണ്ടതിനേക്കാൾ കൂടുതൽ സമയം സർക്കാരിനു അനുവദിച്ചിട്ടുള്ളതായി കാണാവുന്നതാണ്". കാലഹരണനിയമത്തിൽ വ്യക്തിയേയും സർക്കാരിനേയും തമ്മിൽ ഇപ്രകാരം വേർതിരിക്കുവാനുള്ള കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. വ്യക്തിക്കാണെങ്കിൽ ഒരു ക്ലിപ്തകാലത്തിനകം വ്യവഹാരകാരണം മനസ്സിലാക്കി വ്യവഹാരം കൊടുക്കുവാൻ സാധിക്കും. എന്നാൽ സർക്കാർ വസ്തുക്കളെ സംബന്ധിച്ചു ഒരു വ്യവഹാരകാരണമുണ്ടായാൽ, ആ വിവരം ഉദ്യോഗസ്ഥന്മാർ മുഖാന്തിരം സർക്കാർ അറിഞ്ഞു", വ്യവഹാരം കൊടുക്കുവാനുള്ള നടപടികളും എടുക്കുന്നതിനു ഒരു വ്യക്തിയേക്കാൾ കൂടുതൽ സമയം ആവശ്യമായി വരും. ഈ തത്വം അംഗീകരിച്ചുകൊണ്ടാണ് കാലഹരണ നിയമത്തിൽ വ്യക്തിയും സർക്കാരും തമ്മിൽ ഉള്ള വ്യത്യാസം നിശ്ചയിച്ചിരിക്കുന്നതു". ഈ തത്വത്തെ ആസ്പദമാക്കി നോക്കുന്നപക്ഷം, എന്തുകൊണ്ടു" ഗവണ്മെണ്ടിനുണ്ടായിരുന്ന ആനുകൂല്യങ്ങളും ദേവസ്വം ബോർഡിനു കൊടുത്തുകൂടായെന്നു ഞാൻ ചോദിക്കുന്നു. ഈ രാജ്യത്തെ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സംഗതി ഈ സഭ ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ദേവസ്വം ഭരണം സർക്കാർ ഏറ്റെടുത്തില്ലായിരുന്നുവെങ്കിൽ അവ ഇന്നു പ്രത്യേകം ഭരണക്കാരുടെ കൈയ്യിൽ ഇരിക്കുമായിരുന്നു. ഏതെങ്കിലും ഒരു പ്രത്യേക ക്ഷേത്രം അതിന്റെ ക്ഷേത്രഭരണക്കാർ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ആ ദേവസ്വത്തെ സംബന്ധിച്ചു ഒരു വ്യവഹാരമുണ്ടായാൽ ഉടൻതന്നെ വ്യവഹാരം കൊടുക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ദേവസ്വം ഭരണം ഗവണ്മെണ്ടു" ഏറ്റെടുക്കുകയും അതു സംബന്ധിച്ചു ഒരു നിയമം ഉണ്ടാക്കുകയും ചെയ്യുമ്പോൾ വ്യവഹാര കാര്യങ്ങളിൽ ഒരു വ്യക്തിക്കുണ്ടായിരിക്കുന്ന സ്വാതന്ത്ര്യംമാത്രം ദേവസ്വം ബോർഡിനു കൊടുത്താൽ മതിയായെന്നു ചിന്തിക്കേണ്ടതാണ്". ഉദാഹരണമായി ഒരു സംഗതി പറയാം. വടക്കൻ പറവൂരിലുള്ള ഏതെങ്കിലും വസ്തുക്കളിൽനിന്നും ദേവസ്വത്തിലേക്കു കൂടിശീഖ ഈടാക്കുവാനുണ്ടെന്നു വിചാരിക്കുക. കൂടിശീഖ വന്നാൽ കേസുകൊടുത്തു അതു" ഈടാക്കുന്ന സ്വഭാവം സാധാരണയില്ല. കാലഹരണമാകുമ്പോൾ മാത്രമാണു" യഥാർത്ഥത്തിൽ വ്യവഹാരം കൊടുക്കുവാൻ തുടങ്ങുന്നതു". ഒരു വ്യക്തിക്കാണെങ്കിൽ കാലഹരണപ്പെടാറാകുമ്പോൾ അതിനു പരിഹാരമുണ്ടാക്കുവാൻ സാധിക്കും. എന്നാൽ ബോർഡിനാണെങ്കിൽ അതു ചെയ്യുന്നതിനു വലിയ കാലതാമസം നേരിടും. ആ വസ്തുവിന്റെ കൂടിശീഖയെ സംബന്ധിച്ചു ആദ്യമായി സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർ എഴുതി അയച്ചു, ബോർഡു അതെപ്പറ്റി ആലോചിച്ചു ഒരു തീരുമാനം എടുത്തതിന്റെ ശേഷം ആ നിയമകത്താക്കളെ എല്ലിക്കുന്നു, അവർ അതിന്റെ നക്കൽ എഴുതി ഉണ്ടാക്കി ബോർഡിനയച്ചു അംഗീകരിപ്പിച്ചു", പിന്നീടു അസ്സൽ തയ്യാറാക്കി വ്യവഹാരം കൊടുക്കുന്നു. ഇക്കാര്യത്തിൽ ഏതെല്ലാം ചട്ടങ്ങളും ഗവണ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ആവശ്യമാണോ അതെല്ലാം ബോർഡിനെ സംബന്ധിച്ചും ആവശ്യമാണ്". അതുകൊണ്ടു" സർക്കാരിനു കൊടുക്കുന്ന സൌജന്യങ്ങളും ദേവസ്വം ബോർഡിനും കൊടുക്കേണ്ടതാണ്".

Mr. Speaker: That is repetition.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ നിയമത്തിൽ ഒരു തത്വം അംഗീകരിച്ചിട്ടുണ്ടു". എന്നാലും ചില വ്യവഹാരങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള അധികാരങ്ങളും ദേവസ്വം ബോർഡിനു കൊടുക്കുണമെന്ന 8(1)-ാം വകുപ്പുമൂലം നാം അംഗീകരിച്ചുകഴിഞ്ഞു. എന്നാൽ മേലിലുള്ള വ്യവഹാരകാരണങ്ങൾക്കു ഈ അവകാശം നൽകേണ്ടതെന്നു പറയുന്നതു" എന്തുകാരണം കൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു" ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നതു", അത്ഥശൂന്യമായ വ്യത്യാസങ്ങളും കല്പിക്കാതെ കാലഹരണത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടിനുള്ള സൌജന്യം ദേവസ്വം ബോർഡിനും വി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുകൊടുക്കണമെന്നാണ്. അല്ലാത്തപക്ഷം പ്രായോഗികമായ പല വൈഷമ്യങ്ങൾക്കും അതു് ഇടയാക്കുമെന്നു മുന്നിക്കാണിച്ചുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. സക്കാർ വസ്തുക്കളെന്നും ദേവസ്വം വസ്തുക്കളെന്നുമുള്ള വ്യത്യാസം ഇല്ലാതെയാണു് കഴിഞ്ഞ ഒരു നൂറാണ്ടിൽ കൂടുതലായി ഇവിടെ കാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നതു്. ഇപ്പോൾ കാലഹരണത്തിന്റെ കാലാവധി കുറച്ചാൽ ആകപ്പാടെ ദേവസ്വങ്ങൾക്കു അതു് ഒരു വലിയ നാശമായി വരും. ദേവസ്വം വസ്തുക്കൾ പലതും ഇന്നു പലരുടേയും കൈയ്യിൽ ഇരിക്കുകയാണു്. അതു് ആരുടെ കൈയിലാണു് കൂടുതലായി ഇരിക്കുന്നതെന്നു നമുക്കു നല്ലതുപോലെ അറിയാം. അവരുടെ കൈയിൽനിന്നും ദേവസ്വം വസ്തുക്കൾ ഒഴിപ്പിക്കാതിരിക്കുവാനുള്ള ഒരു കരുതൽ നടപടിയായിട്ടാണു് ഇങ്ങനെ ഒരു വ്യവസ്ഥ ഇപ്പോൾ ചെയ്തിരിക്കുന്നതു് ഫിന്ദുക്കളുടെ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ അന്യരുടെ കൈവശത്തിൽനിന്നും ഒഴിപ്പിക്കുവാൻ സന്ദർഭം ഉണ്ടാകാതിരിക്കത്തക്കവണ്ണം ദേവസ്വം അവകാശങ്ങളെ ഇല്ലാതാക്കുകയാണു് ഇപ്പോൾ ചെയ്യുന്നതു്. എന്നു പറഞ്ഞാൽ ഫിന്ദു മതസ്ഥാപനങ്ങളോടു ചെയ്യുന്ന ഒരു വലിയ ദ്രോഹമാണു് ഇതു്. അതുകൊണ്ടു് ഈ വകുപ്പു് ഒരു ചെറിയ കാര്യമാണെന്നു പറഞ്ഞു തള്ളാവുന്നതല്ല. ദേവസ്വം ബോർഡിന്റെ ഭരണത്തേയും ദേവസ്വം സ്വത്തുക്കളേയും എങ്ങനെയെല്ലാം തൊടുക്കാമോ, അവയുടെ സ്വത്തുക്കളും അവകാശങ്ങളും എങ്ങനെയെല്ലാം ഇല്ലാതെയാക്കാമോ, അതിനുള്ള മാർഗ്ഗങ്ങളാണു് ഇതെല്ലാം. ഇതിനെ തെളിയിക്കത്തക്ക ഒന്നുരണ്ടുദാഹരണങ്ങൾ പറയാമെന്നു വിചാരിക്കുന്നു. എതുദ്ദേശത്തോടുകൂടിയാണു്.....

മിസ്റ്റർ സ്പീക്കർ: ഈ വകുപ്പിനെ സംബന്ധിച്ചുമാത്രമാണു് പറയേണ്ടതു്.

ശ്രീ. മന്നത്തു പത്മനാഭൻ: അതു മാതിരി ബന്ധമുള്ള കാര്യങ്ങളാണു് സംസാരിക്കുന്നതു്. ദേവസ്വം സ്വത്തുക്കൾ ഇല്ലാതെയാക്കുവാനുള്ള ഉദ്ദേശം എന്താണെന്നു സ്പഷ്ടമാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഈ ബില്ലിന്റെ പ്രയോക്താക്കളുടെ ഉദ്ദേശത്തെയും ഇവിടെ ചോദ്യം ചെയ്യേണ്ടകാര്യമില്ല. അതു തെറ്റാണു്.

ശ്രീ. മന്നത്തു പത്മനാഭൻ: ദേവസ്വം സ്വത്തുക്കൾ ഗവണ്മെന്റു് കൈയ്യടക്കിയെന്നുള്ള ന്യായംകൊണ്ടു് ഇത്തരത്തിൽ പ്രവർത്തിക്കുന്നതു ശരിയല്ല. ഒന്നുരണ്ടു തെളിവു പറയാം. ചെങ്ങന്നൂർ ക്ഷേത്രം ഇരിക്കുന്ന വസ്തുവിന്റെ സർവ്വെ നമ്പരിൽപെട്ട സ്ഥലത്താണു് കൊട്ടാരം ഇരിക്കുന്നതു്. അതു് ഇപ്പോൾ ഗവണ്മെന്റു് വകയാണെന്നു പറഞ്ഞു പോലീസാഫീസു വിട്ടുകൊടുത്തിരിക്കുന്നു. ചേർത്തല ഭഗവതി ക്ഷേത്രത്തിന്റെ മതിൽകെട്ടിനകത്തേക്കു തള്ളിയാണു് അവിടത്തെ റവന്യു ക്യാമ്പു് ഷെഡ്ഡിരിക്കുന്നതു്. അതും ഇപ്പോൾ സക്കാർ ആക്കിയിരിക്കുന്നു. ഇതു കെട്ടിയകാലത്തു സക്കാരും ദേവസ്വവും തമ്മിൽ വ്യത്യാസമില്ലാത്തതുകൊണ്ടു ദേവസ്വത്തിനു ബാധകമായി ഒന്നും ചെയ്യുകയില്ലെന്നു വിചാരിച്ചുണ്ടാക്കിട്ടുള്ളതാണു്. ചെങ്ങന്നൂർ ക്ഷേത്രത്തിൽ കെട്ടിനകത്തുള്ള ക്യാമ്പു് ഷെഡ്ഡ് സക്കാരിന്റെ വകയാണെന്നു പറഞ്ഞു കൈവശപ്പെടുത്തി അതു് പോലീസു ആഫീസിടുവാൻ കൊടുത്തിരിക്കുന്നു. ദേവസ്വത്തോടു ചേർന്നു അവകാശപ്പെട്ടുകിടക്കുന്ന ഈ മാതിരി സ്ഥലങ്ങൾ അവയ്ക്കു വിട്ടുകിട്ടേണ്ടതാണു്. ഈ ബില്ലിലെ വ്യവസ്ഥ ഈ മാതിരിയുള്ള പ്രവർത്തികൾ ചെയ്യുന്നതിനു സഹായകമായിരിക്കുകയാണു്. ദേവസ്വങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Sri. C. V. Iyyu: On a point of information.

Mr. Speaker: The Chief Minister will now reply.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. ഈ രാജ്യത്തെ എല്ലാ പൗരന്മാരെയും ബന്ധിക്കുന്നതായ ഒരു കാലഹരണനിയമം നിലവിലുണ്ടു്. ആ നിയമത്തിൽനിന്നും ആരെയെങ്കിലും ഒഴിവാക്കണമെന്നുണ്ടെങ്കിൽ അതിനു തക്കതായ കാരണവുമുണ്ടായിരിക്കണം, ഈ ദേവസ്വം നിയമത്തിൽ അപ്രകാരമൊരു വ്യത്യാസം വരുത്തിയിട്ടുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. അതിനു് കാരണവുമുണ്ടു്. അതായതു് കഴിഞ്ഞകാലത്തു് ദേവസ്വം വസ്തുക്കളെല്ലാം ഗവണ്മെന്റിന്റെ കൈവശമിരിക്കുകയായിരുന്നു. അപ്പോൾ ഗവണ്മെന്റു വസ്തുക്കളെ ബന്ധിക്കുന്നതായ വ്യവസ്ഥകൾതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[Sri T. K. Narayana Pillai]

കാലഹരണത്തെ സംബന്ധിച്ചിടത്തോളം ദേവസ്വം വസ്തുക്കൾക്കും ബാധകമായിരിക്കേണ്ടതു് ആവശ്യമായിരുന്നു. സർക്കാർ വസ്തുക്കളെ സംബന്ധിച്ചിടത്തോളം അമ്പതു വർഷമാണു് കാലഹരണമായി വ്യവസ്ഥചെയ്തിട്ടുള്ളതു്. ആ ൪൦ വർഷം തന്നെയാണു് ദേവസ്വം വസ്തുക്കൾക്കും വച്ചു് നോക്കുന്നതു്. അങ്ങനെ ഇതിനുമുമ്പു് ൪൦ വർഷം എന്നുണ്ടായിരുന്നതു് പെട്ടെന്നു് എടുത്തുകളയുന്നപക്ഷം ദേവസ്വങ്ങൾക്കു് പലവിധത്തിൽ വളരെയധികം നഷ്ടമുണ്ടാകാനിടയായേക്കുമെന്ന കരുതിയാണു് ഇതുവരെയുള്ള വ്യവഹാരകാരണങ്ങളെ സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥതന്നെ മേലും തുടരേണ്ടതാണെന്നു് ഗവണ്മെണ്ടു് തീരുമാനിച്ചിട്ടുള്ളതു്. ദേവസ്വം വസ്തുക്കൾ പല സ്ഥലങ്ങളിലും പല ആളുകളുടേയും കൈവശമായി പല പ്രകാരത്തിലിരിപ്പുണ്ടു്. ആ സ്ഥിതിക്കു് അവയുടെ കാലഹരണത്തിന്റെ അവധി പെട്ടെന്നു് കുറച്ചുകളയുന്നതു് ദേവസ്വങ്ങൾക്കു് ദോഷകരമായിരിക്കുമെന്ന കണ്ടിട്ടാണു് ആ വ്യത്യാസം വരുത്താനിടയായിട്ടുള്ളതു്.

ശ്രീ. വേലായുധൻനായർ പറയുകയുണ്ടായി, ദേവസ്വം വസ്തുക്കളെ സംബന്ധിച്ചു വ്യവഹാരങ്ങൾ ഫയൽചെയ്യുന്നതിനു് സാമാന്യേവികമായി സാധാരണയിലധികം കാലതാമസം ഉണ്ടാകുമെന്നും അതുകൊണ്ടു് അവയെ സംബന്ധിച്ചിടത്തോളം സാധാരണ നിയമമനുസരിച്ചുള്ള കാലാവധി മതിയെന്നുവയ്ക്കുന്നതു് ശരിയല്ലെന്നും. ഈ രാജ്യത്തു് ദേവസ്വം ബോർഡിനെപ്പോലെ, പക്ഷെ കുറച്ചു് കുറഞ്ഞ തോതിലെങ്കിലും, പല സ്ഥാപനങ്ങളും നിലവിലുണ്ടു്. സ്ഥാപനംപോലെ വസ്തുക്കൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ടു്. അവയെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ യാതൊരു കാലഹരണനിയമങ്ങളുമില്ല. എല്ലാ പൗരന്മാരെയും ബന്ധിക്കുന്ന സാധാരണ കാലഹരണനിയമംതന്നെയാണു് ആ വസ്തുക്കളെയും ബാധിക്കുന്നതു്. എന്നാൽ ദേവസ്വം വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഉടനെ അങ്ങനെ ചെയ്യുന്നതു് നഷ്ടത്തിനു കാരണമാകുമെന്ന കരുതിയാണു് അല്പം അഭിപ്രായവ്യത്യാസമുണ്ടായിരുന്നിട്ടുപോലും ഇതിനുമുമ്പുണ്ടായിട്ടുള്ള വ്യവഹാരകാരണങ്ങളെ സംബന്ധിച്ചിടത്തോളം ൪൦ വർഷമുണ്ടായിരിക്കണമെന്ന വ്യവസ്ഥകൂടി ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

ഇവിടെ മറ്റു ചില മാന്യ സ്നേഹിതന്മാർ ഉദ്ദേശ്യശുദ്ധിയെ ചോദ്യംചെയ്യുന്നതായ ചില പ്രസ്താവനകൾ പുറപ്പെടുവിക്കുകയുണ്ടായി. അവരവരുടെ സംസ്കാരത്തിനു് അനുസരിച്ചായിരിക്കും അവർ നിഗമനങ്ങളിൽ എത്തിച്ചേരുന്നതെന്നും ഉദ്ദേശങ്ങൾ മനസ്സിലാക്കുന്നതെന്നും മാത്രമെ അതിനു സമാധാനമായി എനിക്കു് പറയുവാനുള്ളൂ.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള : ഞാൻ പറഞ്ഞതിനു് എന്തു മറുപടിയാണു് പറയാനുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

